# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാരശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P1/2264/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 24/01/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാരശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P1/2264/2022 തീയ്യതി: 24/01/2023

# കോഴിക്കോട് ജില്ലയിലെ കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-08-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രത്നസിംഗ്.കെ.പി | ഡെപ്യൂട്ടി ഡയറക്ടർ | 11-11-2022 | 22-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-11-2022 | 22-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ .കെ.പി.ഹരി ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ ജയകുമാർ പാലോളി ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ .ടി.പി.അബ്ദുൾ നസീർ ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ധന്യ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. സ്മിത.വി.പി പ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.രാജീവ്.പി | സെക്രട്ടറി | 01-04-2021 | 07-12-2021 |
| ശ്രീ.സൈനുദ്ദീൻ.ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-12-2021 | 12-01-2022 |
| ശ്രീ.ഫവാസ് ഷെമീം.ടി.കെ | സെക്രട്ടറി | 13-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.സജ്ന.പി.പി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീ.ജോസ് കുര്യാക്കോസ് | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| സുഭാഷ് രാജ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.നിസാമുദ്ദീൻ.കെ.പി | മെഡിക്കൽ ഓഫീസർ യുനാനി | 01-04-2021 | 31-03-2022 |
| ശ്രീമതി വിജില | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.റുമൈസ.പി.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഇസ്ന കരിമ്പൻ | കൃഷി ഓഫീസർ | 01-04-2021 | 21-04-2021 |
| ശ്രീമതി.രേണുക കൊല്ലേരി | കൃഷി ഓഫീസർ | 22-04-2021 | 31-03-2022 |
| ശ്രീ.മാത്യു ആൻഡ്രൂസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീ.രാജേഷ്.എൻ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 09-08-2021 |
| ശ്രീ.അജിത്ത് ജേക്കബ്.എ | അസിസ്റ്റന്റ് എൻജിനീയർ | 10-08-2021 | 31-03-2022 |
| ശ്രീ.സിദ്ദിഖ്.കെ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ഡോ.സത്യവതി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-05-2021 |
| ശ്രീ.ഉണ്ണികൃഷ്ണൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-06-2021 | 31-03-2022 |
| ശ്രീ.അനിൽകുമാർ.എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 09-07-2021 |
| ശ്രീ.മോഹനൻ.സി.വി | അസിസ്റ്റന്റ് സെക്രട്ടറി | 10-07-2021 | 31-10-2021 |
| ശ്രീ.സൈനുദ്ദീൻ.ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-11-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.സുഭാഷ് രാജ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക കണക്കിലെ അപാകതകൾ | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകത | 1-4-1 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ക്യാഷ് പരിശോധന | 1-6 |
| 8 | സ്ഥാപനത്തിന്റെ സാമ്പത്തിക നില ആരോഗ്യകരമല്ലെന്ന് വാർഷിക കണക്കുകളും വാർഷിക പദ്ധതിക്കണക്കുകളും സാക്ഷ്യപ്പെടുത്തുന്നു. | 1-7 |
| 9 | സ്ഥാപനത്തിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനം കാര്യക്ഷമമല്ല. | 1-8 |
| 10 | പകൽ വീടിനായി നിർമ്മിച്ച കെട്ടിടം കൈമാറിയില്ല | 1-9 |
| 11 | പഞ്ചായത്തിന് വാഹനം വാങ്ങിയത് - അധികം ചെലവഴിച്ച തുകയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമായില്ല | 1-10 |
| 12 | കെട്ടിട നിർമ്മാണം - ചട്ടങ്ങൾ പാലിക്കാതെ നടപടികൾ സ്വീകരിക്കുന്നു. | 1-11 |
| 13 | സ്ഥാനാർത്ഥി കെട്ടിവെച്ച പണം നിയമപരമായ സമയപരിധി കഴിഞ്ഞ് റീഫണ്ട് ചെയ്തു. | 1-12 |
| 14 | തുക കൈപ്പറ്റിയിട്ടും നിർമ്മാണ പ്രവർത്തനം തുടങ്ങിയില്ല. | 1-13 |
| 15 | പാലിയേറ്റീവ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-14 |
| 16 | ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി - തുക മുൻകൂർ കൈപ്പറ്റിയിട്ടും പണി തുടങ്ങിയില്ല. | 1-15 |
| 17 | അംഗൻവാടികൾക്ക് കുഴൽകിണർ നിർമ്മാണം പദ്ധതികൾ നാളിതുവരെയായും നടപ്പിലാക്കാൻ കഴിഞ്ഞില്ല. | 1-16 |
| 18 | ഇ-ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് പഞ്ചായത്തിന് ലഭിക്കുന്നില്ല. | 1-17 |
| 19 | പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം-ഫൈൻ ഈടാക്കിയതിൽ കുറവ്. | 1-18 |
| 20 | റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ MSS ഇനം ഉൾപ്പെടുത്താത്തതിനാൽ പഞ്ചായത്തിൽ ഗുണനിലവാരമുള്ള റോഡുകൾ നിർമ്മിക്കപ്പെടുന്നില്ല. | 1-19 |
| 21 | എംബുക്ക് സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-20 |
| 22 | എൻ.ആർ.ഇ.ജി.എസ് മെറ്റീരിയൽ പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തുവഴി പഞ്ചായത്തിന് കുറഞ്ഞതുകയ്ക്ക് സാധനങ്ങൾ സമാഹരിക്കാൻ കഴിഞ്ഞു. | 1-21 |

| | | |
|---|---|---|
| 23 | പുനർലേലം നടപടി പൂർത്തീകരിച്ചില്ല | 1-22 |
| 24 | വസ്തുനികുതി നിർണ്ണയച്ചതിൽ കുറവ് | 1-23 |
| 25 | വസ്തു നികുതി - വേക്കൻസി റമിഷൻ നടപടികളിലെ അപാകതകൾ | 1-24 |
| 26 | ഓഡിറ്റ് ഇംപാക്ട് | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പഞ്ചായത്തിന് വാഹനം വാങ്ങിയത് - അധികം ചെലവഴിച്ച തുകയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമായില്ല | 3-1 |
| 2 | സ്ഥാനാർത്ഥി കെട്ടിവെച്ച പണം നിയമപരമായ സമയപരിധി കഴിഞ്ഞ് റീഫണ്ട് ചെയ്തു. | 3-2 |
| 3 | പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം-ഫൈൻ ഈടാക്കിയതിൽ കുറവ്. | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2021-22 വർഷത്തെ പുതുക്കിയ ബജറ്റ് 06-07-2022 തീയതിയിലെ 31/1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2022 ജൂലൈ മാസം ബജറ്റ് പുതുക്കിയിട്ടും മുൻബാക്കി തുക പോലും യഥാർത്ഥ മുൻബാക്കിയുമായി പൊരുത്തപ്പെടുന്നില്ല .ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിൽ വൻ അന്തരം കാണുന്നു. മുൻ വർഷത്തെ നികുതി നികുതിയേതരവരവ് 7158978 /- രൂപയാണെന്നിരിക്കേ തൻവർഷം 31,02,39,000 /- രൂപയുടെ വരവ് പ്രതീക്ഷിച്ചത് എങ്ങിനെയെന്ന് വ്യക്തമല്ല .ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥത്തിൽ ഉള്ളത് |
|---|---|---|
| മുന്നിരിപ്പ് | 1,24,54,136 | 1,42,15,047 |
| വരവ് | 31,02,39,000 | 10,42,18,742 |
| ചെലവ് | 31,65,33,388 | 9,43,24,923 |
| നീക്കിയിരിപ്പ് | 61,59,748 | 2,41,08,866 |

തുടർ വർഷങ്ങളിൽ ബജറ്റ് കുറ്റമറ്റ രീതിയിൽ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കിലെ അപാകതകൾ

2021-22 വർഷത്തെ വാർഷിക കണക്ക് , അനുബന്ധ രജിസ്റ്ററുകൾ,സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ബാലൻസ് ഷീറ്റ് (Schedule B5 ൽ) 31.03.2021 ന് സെക്യൂർഡ് ലോൺ (KURDFC) ഇനത്തിൽ നീക്കിയിരിപ്പായി കാണിച്ചിരുന്നത് 56,70,485/- രൂപയായിരുന്നു. ആയത് ലൈഫ് ഭവന പദ്ധതിക്ക വേണ്ടി ലഭിച്ച സ്റ്റേറ്റ് ഷെയർ തുകയായ 32,00,000/- രൂപ കൂടി ഉൾപ്പെട്ട തുകയാണ്.2020-21 ലെ സെക്യൂർഡ് ലോൺ (KURDFC) ഇനത്തിലെ യഥാർത്ഥ നീക്കിയിരിപ്പ് 2470485/- രൂപയാണ്.

2.2021-22 ൽ ലൈഫ് ഭവന പദ്ധതിക്ക വേണ്ടി സ്റ്റേറ്റ് ഷെയർ ആയി ലഭിച്ച 74,40,000/-രൂപയും ഒരു ഗുണഭോക്താവ് തിരികെ അടവാക്കിയ 40,000/- രൂപയും ചേർത്ത് ആകെ വരവ് 74,48,000/-രൂപയാണ് ,എന്നാൽ Receipt & Payment Statement (RP -31-Schedule) ൽ 38,40,000/- രൂപയാണ് വരവായി കാണിച്ചിരിക്കുന്നത്.

3.ബാലൻസ് ഷീറ്റിൽ B4 ഷെഡ്യൂളിൽ (320300199 ബാധ്യത ഹെഡിൽ) ലൈഫ് ഭവന പദ്ധതിയുടെ സ്റ്റേറ്റ് ഷെയർ നീക്കിബാക്കിയായി രേഖപ്പെടുത്തിയിരിക്കുന്നത് 28,60,000/- രൂപയാണ് ,എന്നാൽ രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് 28,09,457/- രൂപയാണ്. 50543 /- രൂപയുടെ ചെലവ് ചെയ്തത് ബാധ്യത ഹെഡിൽ നിന്നും കുറവ് ചെയ്യാത്തതിനാലാണ് വ്യത്യാസം വന്നത് .

4. രജിസ്റ്റർ പരിശോധിച്ചതിൽ തൊഴിൽ നികുതിയുടെ ഡിമാന്റും കളക്ഷനും 1134245/-രൂപയാണ് , എന്നാൽ വാർഷിക കണക്ക് പ്രകാരം കളക്ഷനായിട്ട് രേഖപ്പെടുത്തിയിരിക്കുന്നത് 1094745 /- രൂപയാണ്.

5.ഡിആന്റ് ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. ബാലൻസ്ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ

തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

വാർഷിക കണക്കിലെ മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ബാലൻസ്ഷീറ്റിലെ ബി.4 ഷെഡ്യൂൾ പ്രകാരം സി.എഫ്.സി. ഫണ്ടിൽ 5436421 രൂപ അവശേഷിക്കുന്നു. എന്നാൽ ബി.17 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് 5496620/- രൂപയാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,42,15,047 |
| വരവ് | 10,42,18,742 |
| ആകെ | 11,84,33,789 |
| ചെലവ് | 9,43,24,923 |
| നീക്കിയിരിപ്പ് | 2,41,08,866 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 17615400 | 17615400 | 16994891 | 620509 |
| വികസന ഫണ്ട്-എസ്.സി.പി | 6410000 | 6410000 | 5851936 | 558064 |
| വികസന ഫണ്ട്-ടി.എസ്.പി | 1876000 | 1876000 | 1749265 | 126735 |
| മെയിന്റനൻസ്, റോഡ് | 29184000 | 29184000 | 17450154 | 11733846 |
| മെയിന്റനൻസ്, നോൺ-റോഡ് | 7714596 | 7714596 | 3374771 | 4339825 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ട്രഷറി മുഖേന) | 271058 | 271058 | 0 | 271058 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ബാങ്ക് മുഖേന) | 3590000 | 3590000 | 1887097 | 1702903 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 5401138 | 5401138 | 0 | 5401138 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് ( ബാങ്ക് മുഖേന) ടൈഡ് ഗ്രാന്റ് (ബാങ്ക് മുഖേന) | 5385000 | 5385000 | 1753819 | 3631181 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകത

വിവിധ ഫണ്ടിനങ്ങളുടെ (വികസനഫണ്ട് ടി.എസ്.പി.യുടെ ഉത്പാദന മേഖല ഒഴികെ) വ്യത്യസ്ത മേഖലയിലെ അലോക്കേഷൻ തുക സുലേഖ ചെലവ് പത്രികയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | മേഖല | സുലേഖയിലെ അലോക്കേഷൻ | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അലോക്കേഷൻ |
|---|---|---|---|
| വികസനഫണ്ട് ജനറൽ | ഉത്പാദനം | 4627680 | 22218965 |
| | സേവനം | 14510363 | 87801724 |
| വികസനഫണ്ട് എസ്.സി.പി. | സേവനം | 5483057 | 19986728 |
| | പശ്ചാത്തലം | 1058943 | 1058943 |
| വികസനഫണ്ട് ടി.എസ്.പി. | സേവനം | 1716000 | 3910000 |
| സംരക്ഷണഗ്രാന്റ് റോഡിതരം | ഉത്പാദനം | 894000 | 994000 |
| | സേവനം | 4786505 | 6286003 |
| | പശ്ചാത്തലം | 600000 | 1200000 |
| സംരക്ഷണഗ്രാന്റ് റോഡ് | പശ്ചാത്തലം | 27964000 | 28947994 |

കൂടാതെ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വികസന ഫണ്ടിന്റെ ചെലവ് തുകയും യഥാർത്ഥ ചെലവ് തുകയും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | യഥാർത്ഥ ചെലവ് തുക | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുക |
|---|---|---|
| വികസനഫണ്ട് ജനറൽ | 16994891 | 18661491 |

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് |
|---|---|---|---|
| 199 | 15,77,01,731 | 131 | 6,67,61,159 |

എ) പദ്ധതി നിർവ്വഹണത്തിൽ വീഴ്ച

വിഭാവനം ചെയ്ത പദ്ധതി ചെലവിന്റെ പാതിയിൽ കുറവ് മാത്രമാണ് സ്ഥാപനത്തിന് വിനിയോഗിക്കാനായത്. വകയിരുത്തിയ തുകയുടെ 42% മാണ് ചെലവഴിച്ചത്. വിവിധ ഗ്രാന്റിനങ്ങളിൽ സർക്കാരിൽ നിന്നും ലഭിച്ച 6,84,72,192/- രൂപയിൽ ചെലവഴിക്കാതെ അവശേഷിച്ച 2,30,51,175/- രൂപ നഷ്ടമായിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനം | ഫണ്ടിനം | എ.സി.ആർ വരവ് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | വികസന ഫണ്ട് ജനറൽ | 17615400 | 16994891 | 620509 |

| | | | | |
|---|---|---|---|---|
| 2 | വികസന ഫണ്ട് എസ്.സി.പി | 6410000 | 5851936 | 558064 |
| 3 | വികസന ഫണ്ട് ടി.എസ്.പി | 1876000 | 1749265 | 126735 |
| 4 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 29184000 | 17450154 | 11733846 |
| 5 | മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) | 7714596 | 3374771 | 4339825 |
| 6 | സി.എഫ്.സി. ടൈഡ് – ട്രഷറി | 5401138 | -- | 5401138 |
| 7 | സി.എഫ്.സി. അൺ ടൈഡ്– ട്രഷറി | 271058 | -- | 271058 |
| ആകെ | | 68472192 | | 23051175 |

കോടികളുടെ ബാധ്യത ഉള്ള ഗ്രാമപഞ്ചായത്തിന് സർക്കാർ ഗ്രാന്റിനങ്ങളിലെ നഷ്ടം വളരെ വലുതാണ്. ആകെ വകയിരുത്തിയ തുകയിൽ പകുതിയിലധികം വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് ഗുരുതരമായി കാണുന്നു.

2) വികസന സെമിനാറിൽ അവതരിപ്പാക്കാത്ത പദ്ധതികൾ വാർഷിക പദ്ധതിയിൽ പെടുത്തി

ആസൂത്രണമാർഗ്ഗരേഖ പ്രകാരം ഓരോ മേഖലയിലേയും കാലികമാക്കിയ അടിസ്ഥാനവിവരങ്ങൾ അടിസ്ഥാനപ്പെടുത്തി തിരിച്ചറിയുന്ന ആവശ്യങ്ങൾ മുൻഗണനാ ക്രമത്തിൽ പ്രൊജക്ട് നിർദ്ദേശങ്ങളായി വർക്കിംഗ് ഗ്രൂപ്പുകൾ മുന്നോട്ട് വയ്ക്കുകയാണ് ചെയ്യേണ്ടത്. ഈ നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ അവതരിപ്പിച്ച് അവയുടെ നിർദ്ദേശങ്ങളോടൊപ്പം അംഗീകാരം വാങ്ങുകയും ,നിർദ്ദേങ്ങളിൽ പരിഗണിക്കേണ്ടവ പരിഗണിച്ച് പ്രൊജക്ട് നിർദ്ദേശങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അവ കരട് പദ്ധതി നിർദ്ദേശങ്ങളായി വർക്കിംഗ് ഗ്രൂപ്പുകൾ വികസനസെമിനാറിൽ അവതരിപ്പിക്കണം. വികസനസെമിനാറിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങളിൽ പ്രസക്തമായവ പരിഗണിച്ച്, പ്രൊജക്ട് നിർദ്ദേശങ്ങളിൽ ആവശ്യമെങ്കിൽ വീണ്ടും മാറ്റം വരുത്തി, വാർഷിക പദ്ധതി വർക്കിംഗ് ഗ്രൂപ്പുകൾ അന്തിമമാക്കണം. ഇപ്രകാരം അന്തിമമാക്കിയ വാർഷിക പദ്ധതിക്കാണ് ഭരണസമിതി അംഗീകാരം നല്കി ഡി പി സി അംഗീകാരം വാങ്ങേണ്ടത്. ഈ നടപടിക്രമങ്ങൾ വിലയിരുത്തുമ്പോൾ, വികസന സെമിനാറിൽ അവതരിപ്പിക്കപ്പെടുന്ന പദ്ധതി നിർദ്ദേശങ്ങളല്ലാതെ മറ്റ് പ്രൊജക്ടുകളൊന്നും അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടാൻ പാടില്ലെന്ന് കാണാവുന്നതാണ്. ഇതിന് വിപരീതമായി പദ്ധതികൾ ഉൾപ്പെട്ടെങ്കിൽ അവ ഗ്രാമസഭകളിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ലെന്നും അതുകൊണ്ട് തന്നെ നിയമപ്രകാരമുള്ളവയെല്ലെന്നും കാണാവുന്നതാണ്.

| പ്രോജക്ട് നമ്പർ | നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ടിന്റെ പേര് | വകയിരുത്തിയത് | ചെലവ് തുക |
|---|---|---|---|---|
| 204 | വെറ്ററിനറി സർജൻ | ജീവനോപാധി- പോത്തുകുട്ടി വിതരണം പട്ടിക വർഗ്ഗം | 32000 | 16000 |
| 40 | | കാരശ്ശേരി കുടുംബാരോഗ്യ കേന്ദ്രത്തിലെ ലാബോറട്ടറിയിലേക്ക് ആവശ്യമായ റിഏജന്റ് വാങ്ങുന്നതിനുള്ള പ്രോജക്ട് | 93000 | 92999 |

| | | | | |
|---|---|---|---|---|
| 35 | | ഗോത്ര സഞ്ജീവനി പട്ടികവർഗ്ഗക്കാർക്കുള്ള മെഡിക്കൽ ക്യാമ്പുകൾ | 75000 | 55975 |
| 37 | | സമ്പൂർണ്ണ ആരോഗ്യ പദ്ധതി | 37000 | 36750 |
| 36 | | പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രോജക്ട് | 25000 | 24934 |
| 47 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 500000 | 500000 |
| 197 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | സുഭിക്ഷ കേരളം വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി | 1046000 | 24640 |
| 246 | സെക്രട്ടറി | വിവിധ അംഗൻവാടികൾ വൈദ്യുതീകരണം | 300000 | 213026 |
| 341 | “ | സി.എഫ്.എൽ.ടി.സി.ക്ക് തുക അടവാക്കൽ | 25000 | 25000 |
| 243 | | പഞ്ചായത്ത് ഓഫീസിലെ സെർവ്വർ , കമ്പ്യൂട്ടർ,പ്രിന്റർ എന്നിവക്ക് എ.എം.സി എടുക്കൽ | 65000 | 65000 |
| 201 | “ | എം.സി.എഫ് കെട്ടിടത്തിന് വാടക അടവാക്കൽ | 300000 | 214585 |
| | | അംഗനവാടി ജീവനക്കാരുടെ പ്രതിഫലത്തിൽ ഈടാക്കുന്ന തുക | 394200 | 394200 |
| "അംഗനവാടി ജീവനക്കാരുടെ പ്രതിഫലത്തിൽ ഈടാക്കുന്ന തുക "എന്ന പ്രോജക്ട് 3 പ്രോജക്ട് ആയി നിർവ്വഹണം ചെയ്തിട്ടുണ്ട് (പ്രോജക്ട് നമ്പർ 292,293,348)സംബന്ധിച്ച | | | | |
| 309 | ഹെഡ്മാസ്ററർ | ഗോത്രസാരഥി | 155000 | 70400 |
| | | | | |

പല പദ്ധതികളുടേയും പേര് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതല്ലാത്തതിനാൽ ആയത് നിർവ്വഹണം ചെയ്യാൻ സാധിക്കാത്തതുകൊണ്ട് പദ്ധതികളുടെ പേരിൽ വ്യത്യാസം വരുത്തിയാണ് മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തിയിരിക്കുന്നത്. ആയതിനാൽ വികസന സെമിനാറിലെ പ്രസ്തുത പദ്ധതികൾ ചെലവുപത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല .

3.)സ്ഥാപനത്തിലെ ഓഡിറ്റ് വർഷത്തെ അന്തിമപദ്ധതി ചെലവ് പത്രികയും സ്റ്റാറ്റസ് റിപ്പോർട്ടും ലഭ്യമാക്കിയില്ല.

കേരള പഞ്ചായത്ത് രാജ് ആക്ടിനും ആസൂത്രണ മാർഗ്ഗരേഖ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി മേൽ പ്രൊജക്ടുകൾക്ക് തുക വകയിരുത്തിയതും ചെലവഴിച്ചതും വിശദീകരിക്കപ്പെടേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം നല്കേണ്ടതും തുടർ വർഷങ്ങളിൽ ഫണ്ട് നഷ്ടമുൾപ്പെടെയുള്ള വീഴ്ചകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-11-2022 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 39413/- രൂപയുടെ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-7 സ്ഥാപനത്തിന്റെ സാമ്പത്തിക നില ആരോഗ്യകരമല്ലെന്ന് വാർഷിക കണക്കുകളും വാർഷിക പദ്ധതിക്കണക്കുകളും സാക്ഷ്യപ്പെടുത്തുന്നു.

2020-21 വാർഷിക പദ്ധതിയിൽ പുതിയ പദ്ധതികൾക്കും, സ്പിൽഓവർ പദ്ധതികൾക്കുംകൂടി 5442301/- ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തുകയും 1690084/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. (ആകെ പദ്ധതി ചെലവിന്റെ 1.8%), 2021-22 വാർഷിക പദ്ധതിയിൽ പുതിയ പദ്ധതികൾക്കും,സ്പിൽഓവർ പദ്ധതികൾക്കുംകൂടി 3031572 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തുകയും 1415884 /രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. (ആകെ പദ്ധതി ചെലവിന്റെ 2%) തൻവർഷം നികുതി പിരിവ് 100ശതമാനമാണ് എന്നിരുന്നാൽ തന്നെയും ഇത്രയും തുക പദ്ധതിക്കുവേണ്ടി വകയിരുത്താനുള്ള ശേഷി സ്ഥാപനത്തിന്റെ തനത് ഫണ്ടിനില്ലെന്ന് താഴെ പറയുന്ന വിവരങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

2020-21 ,2021-22 വർഷങ്ങളിലെ ലിക്വിഡിറ്റി കൂടിയ ആസ്തി, ബാധ്യതാ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| 2020-21 | | | |
|---|---|---|---|
| ബാധ്യത | | ആസ്തി | |
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക |
| B4 | 1,07,53,385 | B12 | 0 |
| B5 | 34,682,736 | B14 | 15336 |

| | | | |
|---|---|---|---|
| B7 | 24,30,923 | B15 | 6697859 |
| B9 | 26,21,463 | B17 | 14215047 |
| | | B18 | ......... |
| ആകെ | 50488507 | | 20928242 |

2020-21 സാമ്പത്തിക വർഷം ഉയർന്ന ലിക്വിഡിറ്റിയുള്ള ബാദ്ധ്യത ഉയർന്ന ലിക്വിഡിറ്റിയുള്ള ആസ്തിയേക്കാൾ 29560265/- രൂപ കൂടുതലാണ്.

2021-22 വർഷത്തെ ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ 20076270/-രൂപ തൻവർഷം കമ്മിയാണ് എന്ന് കാണുന്നു.

നിലവിലെ ലിക്വിഡിറ്റി കൂടിയ ആസ്തി,ബാധ്യതാ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| 2021-22 | | | |
|---|---|---|---|
| ബാദ്ധ്യത | | ആസ്തി | |
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക |
| B4-പ്രത്യേക കാര്യങ്ങൾക്ക് | 17985895 | B12 | 0 |
| B5 | 29366736 | B14 | 25500 |
| B7 | 1777559 | B15 | 3814259 |
| B9 | 2409846 | B17 | 24108866 |
| | | B18 | 3515141 |
| ആകെ | 51540036 | | 31463766 |

എസ്.ബി.ഐ യുടെ ശാഖയിൽ ഉള്ള പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിന്റെ 31.03.2022 ന്റെ നീക്കിയിരിപ്പ് പരിശോധിച്ചതിൽ പ്രത്യേക ഉദ്ദേശ്യങ്ങൾക്കായുള്ള 7524193 രൂപ കൂടി ഉൾപ്പെടുന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | തുക |
|---|---|---|
| 320100121 | സപ്ലിമെന്ററി ന്യൂട്രീഷൻ | 107256 |
| 320200322 | ശുചിത്വ മിഷൻ ഗ്രാന്റ് | 2816426 |
| 320300103 | ലൈഫ് സ്റ്റേറ്റ്ഷെയർ | 2809457 |
| 320200214 | ടോട്ടൽ സാനിറ്റേഷൻ | 295500 |
| 320100199 | എസ്.ടി,കോർപ്പസ് ഫണ്ട് | 784254 |
| 320900399 | അംഗൻവാടി നെയിംബോർഡ് | 69000 |

| | | |
|---|---|---|
| 320800299 | അഗതി ആശ്രയ ഫണ്ട് | 342300 |
| 320800299 | ആർദ്രം കേരളം പുരസ്കാരം | 300000 |
| | ആകെ | 75,24,193 |

അതായത് തനതുഫണ്ട് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക പഞ്ചായത്തിന്റെ തനതുവരുമാനമല്ല മറിച്ച് പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ഗവൺമെന്റിൽ നിന്നും ലഭിച്ച തുകയാണെന്ന കൂടി മനസ്സിലാക്കേണ്ടതാണ്.

18 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ നിലവിൽ 3 ക്ലർക്കുമാരുടെ തസ്തികയാണ് ഉള്ളത് . ഓരോ ക്ലർക്കിനും 6വാർഡുകളുടെ ചുമതലയുണ്ട്. പ്രസ്തുത ചുമതലയിൽ നികുതി / നികുതിയേതര വരവിനങ്ങളുടെ പരിശോധനയും പിരിവും ഉൾപ്പെടുന്നുണ്ട്. കൂടാതെ പ്രതിമാസം പെർമിറ്റിന വേണ്ടിയുള്ള അപേക്ഷകൾ, നമ്പറിങ്ങിന വേണ്ടിയുള്ള അപേക്ഷകൾ, ജമമാറ്റം, പെർമിറ്റ് പുതുക്കൽ, വിവരാവകാശം, പരാതി, ക്ഷേമപെൻഷൻ അപേക്ഷകൾ എന്നിവയും വരുന്നുണ്ട് . മേൽ ചുമതലകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രയാസമനുഭവിക്കുന്നതിനാൽ, വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിനു മുന്നോടിയായി ഫീൽഡ് തല പരിശോധന നടത്തുന്നതൊഴിച്ചാൽ മറ്റ് പരിശോധന തീരെ നടത്തുന്നില്ല എന്നു തന്നെ പറയാം .

അതുകൊണ്ട് തന്നെ കെട്ടിട നിർമ്മാണ ക്രമവൽകരണം, കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിൽ വരുത്തിയ മാറ്റങ്ങൾ, തൊഴിൽ നികുതി യഥാസമയം അടവാക്കാത്ത സ്ഥാപനങ്ങൾ എന്നിവയുടെ വിശദാംശം ഫീൽഡ് തലത്തിൽ പരിശോധിച്ച് നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നതിന് ഭരണസമിതി അടിയന്തിര പ്രാധാന്യം നൽകേണ്ടതും പദ്ധതി രൂപീകരണവേളയിൽ തനത് ഫണ്ട് വകയിരുത്തുമ്പോൾ തനത്ഫണ്ടിന്റെ നിജസ്ഥിതി മനസ്സിലാക്കി പദ്ധതി വകയിരുത്താൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും, സെക്രട്ടറിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ് .

കൂടാതെ ഗവൺമെന്റ് നിശ്ചയിച്ച നിരക്കിലെ ഏറ്റവും കുറഞ്ഞ നിരക്കിലാണ് റസിഡൻഷ്യൽ /നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളിൽ നിന്നും 2011-12 വർഷം മുതൽ വസ്തു നികുതി ഈടാക്കുന്നത്. ഇത് ഗൗരവമായി കാണേണ്ടതും തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്.

## 1-8 സ്ഥാപനത്തിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനം കാര്യക്ഷമമല്ല.

ഹരിതകർമസേന അംഗങ്ങൾ ശേഖരിക്കുന്ന പാഴ് വസ്തുക്കൾ തരം തിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരള കമ്പനിയെ ഡി.സി.1/282/2020/തസ്വഭവ തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ് തിയ്യതി.29/07/2020 നമ്പർ സർക്കുലർ പ്രകാരം ചുമതലപ്പെടുത്തിയത് പ്രകാരം കാരശ്ശേരി ഗ്രാമ പഞ്ചായത്ത് ക്ലീൻ കേരള കമ്പനിയുമായി കരാർ വെക്കുകയും പ്രവർത്തനമാരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ റിജക്ട് വേസ്റ്റ് നീക്കം ചെയ്തതത് സംബന്ധിച്ചുള്ള 2021-22സാമ്പത്തിക വർഷത്തിലെ ഡിജിറ്റൽ ബില്ല് ക്ലീൻ കേരള കമ്പനി പഞ്ചായത്തിൽ ഇതുവരെ സമർപ്പിച്ചിട്ടില്ല. ധനകാര്യകമ്മീഷൻ ഇനത്തിൽ വകയിരുത്തിയ തുക വിനിയോഗിക്കാത്തത് കാരണം ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യമാണ് സ്ഥാപനത്തിനുള്ളത്. ഇതിനിടയിലാണ് ഗ്രാമ പഞ്ചായത്തിൽ നിന്ന് പ്ലാസ്റ്റിക് അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനു കോനാരീസ് അഡ്വാൻസ്ഡ് പോളിമേഴ്സ് എന്ന

സ്ഥാപനവുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. അജൈവ പാഴ് വസ്തുക്കളുടെ ശേഖരണവും സംസ്കരണവും നടപ്പാക്കുന്നത് സംബന്ധിച്ച് സ്ഥാപനത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനത്തിലെ മെറ്റീരിയൽ ഫെസിലിറ്റി സെന്റർ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. അടിസ്ഥാന സൌകര്യങ്ങളില്ലാത്ത ഒരു വാടക ഷെഡിലാണ് ഇപ്പോൾ കെട്ടിടം പ്രവർത്തിക്കുന്നത്. ഇതിലേക്കാവശ്യമായ വൈദ്യുതി, വെള്ളം, മെഷീനുകൾ, വലിയ കണ്ടെയ്നറുകൾ എത്തിപ്പെടാനുള്ള റോഡ് സൌകര്യം എന്നിവ ലഭ്യമല്ല.

2. എം.സി.എഫ്.ൽ ശേഖരിച്ചുവെച്ച പാഴ് വസ്തുക്കൾ തരം തിരിക്കാതെ കുമിഞ്ഞുകൂടി കിടക്കുകയാണ്. പുനരുപയോഗ സാധ്യതയുള്ള അജൈവ മാലിന്യങ്ങൾ ചാക്കുകളിലാക്കി കൂട്ടിയിട്ടിരിക്കുകയാണ്. വൃത്തിയായ പരിപാലനമില്ലാതെയാണ് അജൈവ മാലിന്യങ്ങൾ കെട്ടിക്കിടക്കുന്നത്. കൃത്യമായ തരം തിരിക്കൽ നടക്കുന്നില്ല. നിലവിൽ 40 ടണ്ണിലധികം തരം തിരിക്കാത്ത മാലിന്യങ്ങളാണ് ചോർന്നൊലിക്കുന്ന ഈ ഷെഡിൽ കൂട്ടിയിട്ടിരിക്കുന്നത്.

3. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ എം.സി. എഫ്. ൽ എത്തിക്കുന്നതിനും എം.സി. എഫ്. ൽ പാഴ് വസ്തുക്കൾ തരം തിരിക്കാനും മതിയായ

ഹരിതകർമസേന പ്രവർത്തകർ സ്ഥാപനത്തിലില്ല. 18 വാർഡുകളുള്ള പഞ്ചായത്തിൽ നിലവിൽ 21 ഹരിത കർമസേന പ്രവർത്തകർ മാത്രമാണുള്ളത്. അത്കൊണ്ട് തന്നെ വീടുകളിൽ കയറിയുള്ള അജൈവ മാലിന്യ ശേഖരണം പൂർണ്ണ തോതിൽ നടത്താനും ശേഖരിച്ചുവെച്ച പാഴ് വസ്തുക്കൾ തരം തിരിക്കാനും ഹരിത കർമ്മസേനയ്ക്ക് കഴിഞ്ഞിട്ടില്ല. കൂടാതെ വാർഡ് തലത്തിൽ മിനി എം.സി.എഫുകളും പ്രവർത്തിക്കുന്നില്ല.

4. ഹരിതകർമസേനക്ക് ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിലും അവരെ പ്രവർത്തനക്ഷമമാക്കുന്നതിലും പരിശീലനം നൽകുന്നതിനും നിർവ്വഹണോദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും പഞ്ചായത്ത് അധികൃതരുടെ ഭാഗത്ത് നിന്നും നേതൃത്വപരമായ പങ്ക് വഹിക്കലുണ്ടാവുന്നില്ല. ഹരിതകർമസേനയെ ആദായകരമായ സംരംഭമാക്കി മാറ്റുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളോ അധിക വരുമാന സാധ്യതകൾ കണ്ടെത്താനുള്ള പ്രവർത്തനങ്ങളോ സ്ഥാപനത്തിൽ നടക്കുന്നില്ല.

5. മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉത്പ്പന്നങ്ങളാക്കി മാറ്റുന്നതുവഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് പൊതു ജനങ്ങൾക്കായുള്ള ബോധവൽകരണവും ക്യാമ്പയിനും സ്ഥാപനത്തിൽ നടക്കുന്നില്ല.

6. ഗ്രാമ പഞ്ചായത്തിൽ നിന്ന് ശുക്കമെടുത്ത് വാഹനങ്ങളിൽ കൊണ്ടു പോയ മാലിന്യങ്ങൾ സംസ്കരിച്ചത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല.

കേരള പഞ്ചായത്ത് രാജ് നിയമം 166 (1 ) വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകമായി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ( ആർ.ടി) 880/2021/ തസ്വഭവ തീയതി 16.04.2021, സ.ഉ(ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കുന്നതിൽ സ്ഥാപനത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. കൂടാതെ എം.സി.എഫിൽ അടിസ്ഥാന സൌകര്യമൊരുക്കി കൊടുക്കുന്നതിലും മാലിന്യം യഥാസമയം എം.സി.എഫുകളിൽ എത്തിക്കുന്നതിലും അവിടെ നിന്ന് നീക്കം ചെയ്യുന്നതിലും കരാറിൽ ഏർപ്പെട്ട

കമ്പനികളെ കൃത്യമായി നിരീക്ഷിക്കുന്നതിലും മതിയായ ഇടപെടൽ നടത്തുന്നതിലും സ്ഥാപനത്തിന്റെ വീഴ്ച പ്രകടമാണ്. അപാകതകൾ പരിഹരിച്ച് മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക എന്ന ലക്ഷ്യം കൈവരിക്കേണ്ടതാണ്.

## 1-9 പകൽ വീടിനായി നിർമ്മിച്ച കെട്ടിടം കൈമാറിയില്ല

വയോജനങ്ങൾക്ക് പകൽസമയത്ത് ഒത്തുകൂടുവാനും ഉല്ലസിക്കുവാനും അത് വഴി ഇവരുടെ സാമൂഹികമായ ഒറ്റപ്പെടൽ ലഘൂകരിക്കുകയും മാനസികാരോഗ്യം മെച്ചപ്പെടുത്താനുമായി ഒരു കേന്ദ്രം എന്ന നിലയിൽ ബ്ളോക്ക് പഞ്ചായത്ത് നിർമ്മിച്ച കെട്ടിടം ഗ്രാമ പഞ്ചായത്തിന് നാളിതുവരെയായി കൈമാറിയിട്ടില്ല. വർഷങ്ങളായി പകൽവീട് വാടക കെട്ടിടത്തിലാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. പകൽവീട് വാടകയായി 2021ഏപ്രിൽ മാസം മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ പ്രോജക്ട് 249/22 പ്രകാരം 124516 രൂപ ചിലവഴിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ പകൽ വീട് സംവിധാനം പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. പകൽ വീടിനായി ബ്ളോക് പഞ്ചായത്ത് നിർമ്മിച്ച കെട്ടിടം പരിശോധിച്ചപ്പോൾ പ്രവർത്തനസജ്ജമാവുന്നതിനു മുമ്പെ കെട്ടിടം ചോർന്നൊലിക്കുന്നതായി കാണുന്നു. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പകൽവീട് കെട്ടിട പരിസരത്ത് കാതലുള്ള തേക്കും പ്ലാവും മുറിച്ചിട്ടതായി കാണുന്നു. പരിശോധനയിൽ 200000 രൂപയിലധികം മാർക്കറ്റ് വിലയുള്ള മരങ്ങളാണ് ലേല നടപടികളാരംഭിക്കാതെ അധികൃതരുടെ അനാസ്ഥ കാരണം നശിച്ചു കൊണ്ടിരിക്കുന്നത്.

2. വാടക കെട്ടിടത്തിലായിരുന്നപ്പോൾ പകൽ വീടിൽ ഉയോഗിച്ചിരുന്ന ഫർണിച്ചറുകൾ , ജിംനേഷ്യം ഉപകരണങ്ങൾ, ടി.വി. ഫ്രിഡ്ജ്, മിക്സി തുടങ്ങിയ ഗൃഹോപകരണങ്ങളും കംമ്പ്യൂട്ടർ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങളും കെട്ടിടത്തിനുള്ളിൽ അലക്ഷ്യമായി കൂട്ടിയിട്ടിരിക്കുന്നു. ചില ഉപകരണങ്ങൾ പൊടിപിടിച്ചതായും തുരുമ്പെടുത്തതായും ഉപയോഗ ശൂന്യമായും കാണുന്നു.

3.കെട്ടിടത്തിന്റെ വലിപ്പം കണക്കിലെടുക്കുമ്പോൾ നിലവിലെ ഫർണിച്ചറുകളും മറ്റ് ഉപകരണങ്ങളും ഡേ കെയർ ആവശ്യങ്ങളേക്കാൾ അധികമാണ്.

4. നിലവിൽ കെട്ടിടത്തിൽ വെള്ളവും വെളിച്ചവും ലഭ്യമായിട്ടില്ല.

5. പുതിയതാണെങ്കിലും അടക്കാൻ കഴിയാത്ത പാകത്തിൽ ഗേറ്റ് തുറന്നിട്ടിരിക്കുകയാണ്.

കെട്ടിടം അടിയന്തിരമായി ഏറ്റെടുത്ത് അടിസ്ഥാന സൌകര്യം ഒരുക്കേണ്ടതും, പകൽ വീട് പ്രവർത്തിപ്പിക്കേണ്ടതും, മുറിച്ചിട്ട മരങ്ങൾ ലേലത്തിൽ നൽകേണ്ടതുമാണ്.

## 1-10 പഞ്ചായത്തിന് വാഹനം വാങ്ങിയത് - അധികം ചെലവഴിച്ച തുകയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമായില്ല

2017-18 വർഷത്തിൽ പ്രോജക്ട് നമ്പർ എസ്.ഒ.2/18 പ്രകാരം വികസന ഫണ്ട് 15 ലക്ഷം വകയിരുത്തി ബിൽ നമ്പർ 53/17-18/21.03.2018 പ്രകാരം 1280610 രൂപ ചെലവഴിച്ച സ്കോർപ്പിയോ വാഹനം വാങ്ങിയിട്ടുണ്ട്. ഇത് സംബന്ധിച്ച് 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3-29 ആയി പരാമർശം ഉൾപ്പെട്ടിട്ടുണ്ട്. സർക്കാർ ഉത്തരവ് 397/18/തസ്വഭവ തീയതി 02.08.2018 പ്രകാരം പത്ത് ലക്ഷം രൂപ ചെലവഴിച്ച് വാഹനം വാങ്ങാൻ അനുമതി നൽകിയിരുന്നു. അധികം ചെലവഴിച്ച 280610 രൂപയ്ക്ക് സാധൂകരണം ലഭ്യമാക്കാൻ പഞ്ചായത്ത് സർക്കാരിലേക്ക് അപേക്ഷ നൽകിയെങ്കിലും, 27.08.2021 ലെ ഡി.ബി3/221/2019/തസ്വഭവ നമ്പർ കത്തിലൂടെ, സർക്കാർ നിർദ്ദേശം പാലിക്കാതെ പദ്ധതി വിഹിതം അധികം ചെലവഴിച്ച് വാങ്ങിയ നടപടി സാധൂകരിക്കാനായില്ലെന്ന് അറിയിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥർ എന്ന നിലയ്ക്ക് സെക്രട്ടറി ശ്രീ സുരേഷ് ബാബുവിൽ നിന്ന് അധികം ചെലവഴിച്ച തുകയായ 280610 രൂപ തിരിച്ചടയ്ക്കാൻ 01.10.2022 ന് 400990/ജിഎഡിസി 01/ജി.പി.ഒ/2023/3327(1) പ്രകാരം കത്ത് നൽകിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകത കാണുന്നു.

1) 1280610 രൂപ ചെലവഴിച്ച് സ്കോർപ്പിയോ വാഹനം വാങ്ങാൻ സെക്രട്ടറി ഒറ്റയ്ക്ക് തീരുമാനിച്ചതല്ല. 09.03.2018 ലെ ഭരണസമിതിയുടെ കൂട്ടായ തീരുമാനമാണ്. മിനട്ട്സ് പരിശോധിച്ചതിൽ, യോഗത്തിൽ പങ്കെടുത്ത 17 മെമ്പർമാർ ആരും തന്നെ ഈ തീരുമാനത്തോട് വിയോജിപ്പ് പ്രകടിപ്പിച്ചിട്ടില്ല. കൂടാതെ പദ്ധതി വിഹിതം പത്ത് ലക്ഷം രൂപ മാത്രമേ വാഹനം വാങ്ങാൻ വിനിയോഗിക്കാവൂ എന്ന് സെക്രട്ടറിയും ഭരണസമിതിയോട് നിയമോപദേശം നൽകിയിട്ടില്ല. ഇക്കാരണത്താൽ അധികം ചെലവഴിച്ച തുകയ്ക്ക് സെക്രട്ടറിയെ കൂടാതെ 17 മെമ്പർമാർക്കും ഉത്തരവാദിത്തമുണ്ട്. അതിനാൽ നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്ന് 280610 രൂപ തിരിച്ചടയ്ക്കാൻ നിർദ്ദേശിച്ച 05.09.2022 ലെ 9/1 നമ്പർ തീരുമാനം പുന പരിശോധിക്കേണ്ടതാണ്. തുക - പഴയ ഭരണസമിതിയിലെ 17 പേരും, സെക്രട്ടറിയും ഉൾപ്പെടെ 18 പേരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

1-11 കെട്ടിട നിർമ്മാണം - ചട്ടങ്ങൾ പാലിക്കാതെ നടപടികൾ സ്വീകരിക്കുന്നു.

I. ഡാറ്റ ബാങ്കിൽ ഉൾപ്പെടാത്ത സ്ഥിര പുഞ്ച നികത്തി കെട്ടിട നിർമ്മാണം

ഫയൽ എ3/4241/18 തീ.24.07.18, എ3.9293/17 തീ.15.12.17, എ3.7215/18 തീ.07.12.18, ബി36791/19 തീ.31.12.19

മേൽ ഫയലുകൾ പരിശോധിച്ചതിൽ, ജാഫർ കാരമൂല തെയ്യത്തുംകോട് എന്നയാൾ ഒരു ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് പഞ്ചായത്തിൽ നിന്ന് പെർമിറ്റ് എടുത്തിട്ടുള്ളതായി കാണുന്നു. പെർമിറ്റ് ഫീ ഇനത്തിൽ 12858 രൂപ രസീത് നമ്പർ 11801010606072/25.01.19 ന് അടവാക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനോടൊപ്പം സമർപ്പിച്ച ഭൂമിയുടെ ആധാരത്തിൽ സ്ഥലം സ്ഥിര പുഞ്ച എന്ന് പട്ടികയിൽ രേഖപ്പെടുത്തൽ ഉണ്ട്. നോട്ട് ഫയലിൽ ക്രമ നം സ്ഥിര പുഞ്ചയിൽപ്പെടുന്നതിനാൽ ആർ.ഡി.ഒ യുടെ അനുമതി ലഭ്യമാക്കിയതിന് ശേഷം പെർമിറ്റ് അനുവദിക്കണമെന്ന് സെക്ഷൻ 03.12.18 ന് രേഖപ്പെടുത്തൽ ഉണ്ടെങ്കിലും, അത് പരിഗണിക്കാതെ ഫയൽ അസി.എഞ്ചിനീയർക്ക് നൽകി. സ്ഥലത്ത് നിർമ്മാണം നടന്നിട്ടില്ലെന്നും, 19.10.2017 -ന് വില്ലേജ് ഓഫീസർ നൽകിയ സർട്ടിഫിക്കറ്റിൽ തോട്ടം എന്നാണ് രേഖപ്പെടുത്തൽ എന്ന് അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു. തുടർന്ന് ഫയൽ എൻ.ഒ.സി ലഭിച്ചതിനെ തുടർന്ന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അപാകതകൾ ചൂണ്ടിക്കാട്ടി അത് പരിഹരിച്ചതിനാൽ പെർമിറ്റ് അനുവദിക്കുകയാണുണ്ടായത്.

കാരശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ 19.12.19 ന് ലഭിച്ച പരാതിയിൽ (ഫയൽ ബി3.6791/19) പ്രസ്തുത സ്ഥിര പുഞ്ച ഭൂമിയിൽ അതായത് വയലിൽ ഒരു ഏക്കറോളം സ്ഥലം ഉടമ മണ്ണിട്ട നികത്തിയതായും അതിന് നടപടി സ്വീകരിക്കാനും അപേക്ഷിച്ചു. വാർഡ് ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടിൽ ഒരു ഏക്കറോളം സ്ഥലം ക്വാറി സ്ലറി ഉപയോഗിച്ച നികത്തിയതായും, അതിരുകൾ കരിങ്കല്ല് കൊണ്ട് ഉയർത്തി കെട്ടി ഉറപ്പിച്ചതായും റിപ്പോർട്ടിലുണ്ട്.

മേൽ ഫയലുകളിൽ നിന്നും ഭൂമി വയൽ ആണെന്ന് വ്യക്തമാകുന്നു. (ഫോട്ടോ കാണുക) ഇപ്രകാരം ഡാറ്റ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമി തരം മാറ്റാൻ ആർ.ഡി.ഒ യും അനുമതി ഇല്ലാതെ ക്വാറി സ്ലറി ഉപയോഗിച്ച് നികത്തിയത് സർക്കാരിന് നഷ്ടവും, സ്വാഭാവിക നീർച്ചാലുകൾ സ്ഥിരമായി അടച്ചതിനും സമാനമാണ്.

സ്ഥിരപുഞ്ചയായ സ്ഥലം തോട്ടം ഭൂമിയാണെന്ന് 19.10.17 ന് കൈവശാവകാശം നൽകിയ വില്ലേജ് ഓഫീസർക്ക് (ശ്രീ.വിജയൻ.പി.എസ്) എതിരെ നടപടി സ്വീകരിക്കാൻ റവന്യൂ അധികൃതരോട് അറിയിക്കേണ്ടതും, പെർമിറ്റ് അനുവദിച്ച സെക്രട്ടറിക്ക് (ശ്രീ.മുഹമ്മദ് അഷ്റഫ്.വൈ.പി) എതിരേയും നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

II. കാർപാർക്കിംഗ് ഫീസ് ഈടാക്കിയില്ല ഫയൽ നമ്പർ ബി 1-9358/14 തീ.09.12.2015

കക്കാട് വില്ലേജിലെ റീസർവ്വെ നമ്പർ 16/A 37.25 സെന്റ് ഭൂമിയിൽ 2167.88 ച.മീ കമേഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് മേൽ നമ്പർ പ്രകാരം ശ്രീമതി.സഫിയ എടച്ചേരി പാലിയിൽ മുതൽ 5 പേർക്ക് പെർമിറ്റ് അനുവദിച്ചു. (രസീത് നമ്പർ 11501102239/09.12.15 തുക 19000) തുടർന്ന 2019-20 വർഷം

24.06.2019 -ൽ പൂർത്തീകരിച്ച കെട്ടിടത്തിൽ നമ്പർ അനുവദിച്ചതായി കാണുന്നു. (കെട്ടിട നമ്പർ 17/393 എ മുതൽ എച്ച് വരെ) നമ്പറിംങിന്റെ ഫയലിൽ കെട്ടിട ഉടമ സമർപ്പിച്ച പ്ലാനിൽ പ്രസ്തുത സ്ഥലത്ത് 2785.11 ച.മീ കമേഴ്സ്യൽ കെട്ടിടവും, 1041.78 ച.മീ റെസിഡൻഷ്യൽ കെട്ടിടവും നിർമ്മിക്കുമെന്ന് വ്യക്തമാക്കുന്നു. 2019 ലെ കെട്ടിട നിർമ്മാണ ചട്ട പ്രകാരം വാണിജ്യ കെട്ടിടം/പ്രത്യേക വാസഗൃഹങ്ങൾക്കും, കാർപ്പറ്റ് ഏരിയ 1200 ച.മീ വരെ 90 ച.മീ ഒന്ന് എന്ന കണക്കിലും അതിന് മുകളിൽ 60 ച.മീ ഒന്ന് എന്ന കണക്കിലും പാർക്കിംഗ് സ്പേസ് പെർമിറ്റിൽ കാണിക്കേണ്ടതാണ്. ഇപ്രകാരം കണക്കാക്കിയാൽ മേൽ കാണിച്ച കെട്ടിടത്തിന്റെ കാർപ്പറ്റ് ഏരിയ 2185.99 ച.മീറ്റർ ആണ്. ഇതിന് 31 കാർ പാർക്കിംഗ് സൌകര്യം കാണേണ്ടി വരും. (1200/90 + 985.99/60 = 31) എന്നാൽ ആദ്യം പാസാക്കി പെർമിറ്റിൽ കാർ പാർക്കിംഗ് 22 എണ്ണത്തിന് മാത്രമാണ് അനുമതി. അധികം വന്ന 9 കാർപാർക്കിംഗിന് നിയമാനുസൃത ഫൈൻ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-12 സ്ഥാനാർത്ഥി കെട്ടിവെച്ച പണം നിയമപരമായ സമയപരിധി കഴിഞ്ഞ് റീഫണ്ട് ചെയ്തു.

2020 ഡിസംബർ മാസം നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ ഭാഗമായി 8 സ്ഥാനാർത്ഥികൾക്ക് അവർ സമർപ്പിച്ച നിക്ഷേപം 04.08.2021 ന് 22100396 മുതൽ 22100400 വരെയുള്ള വൗച്ചർ പ്രകാരം 1000 രൂപ പിൻവലിച്ച് 8 സ്ഥാനാർത്ഥികൾക്ക് തിരികെ നൽകിയിട്ടുണ്ട്. (പെൻ നമ്പർ 307144 മുതൽ 307151 വരെ കാണുക) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 144(2) പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചതിന് ശേഷം മൂന്ന് മാസത്തിനകം നിക്ഷേപം തിരിച്ച് നൽകേണ്ടതാണ്. 2020 ഡിസംബർ മാസം തെരഞ്ഞെടുപ്പ് ഫലം വന്ന സാഹചര്യത്തിൽ നിക്ഷേപം 2021 മാർച്ച് മാസത്തിനകം സ്ഥാനാർത്ഥികൾക്ക് തിരിച്ച് നൽകേണ്ടതായിരുന്നു. എന്നാൽ മേൽ കാണിച്ച 8 പേർക്കും, ആഗസ്റ്റ് മാസത്തിലാണ് 1000 രൂപ വീതം തിരികെ നൽകിയത്. അതിനാൽ മേൽ തുക ആകെ 8000 രൂപ ഇത് തിരികെ നൽകാൻ ശുപാർശ ചെയ്ത സെക്ഷൻ ക്ലാർക്ക്, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരിൽ നിന്ന് തുല്യ ഗഡുക്കളായി ഈടാക്കി തിരിച്ചടയ്ക്കേണ്ടതാണ്.

### 1-13 തുക കൈപ്പറ്റിയിട്ടും നിർമ്മാണ പ്രവർത്തനം തുടങ്ങിയില്ല.

കാരശ്ശേരി പഞ്ചായത്ത് ഒ.ഡി.എഫ്. ആയി നിലനിർത്തുന്നതിന് കക്കൂസ് ഇല്ലാത്ത 36 കുടുംബങ്ങൾക്ക് യൂനിറ്റ് ഒന്നിന് 15400 രൂപ നിരക്കിൽ കക്കൂസ് നിർമ്മിച്ച നൽകുന്നതിനുള്ള പ്രോജക്ടായിരുന്ന കക്കൂസ് നിർമ്മാണം (ഒ.ഡി.എഫ്.) 22 ഗുണഭോക്താക്കൾ പ്രോജക്ടിൽ ഒപ്പുവെക്കുകയും 14 പേർ 15400 രൂപ കെപ്പറ്റി പണിപൂർത്തിയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 8 ഗുണ ഭോക്താക്കൾ 7400 രൂപ അഡ്വാൻസ് കൈപ്പറ്റിയിട്ടും നാളിതുവരെയായി കക്കൂസ് നിർമ്മാണം തുടങ്ങിയിട്ടില്ല. തുടങ്ങാത്തവരുടെ പേരു വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | സൌദത്ത് മടപ്പള്ളി | 4 | 7500 |
| 2 | അഭിജിത്ത് | 4 | 7500 |
| 3 | രൂപേഷ് | 7 | 7500 |
| 4 | പുഷ്പ | 11 | 7500 |
| 5 | ശാരദ | 12 | 7500 |

| | | | |
|---|---|---|---|
| 6 | ചെക്കു | 15 | 7500 |
| 7 | സുനിത | 17 | 7500 |
| 8 | ജാനകി | 17 | 7500 |

തുക കൈപ്പറ്റിയിട്ടും കക്കൂസ് നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളിൽ നിന്ന് തുക തിരിച്ചു പിടിക്കേണ്ടതാണ്.

1-14 പാലിയേറ്റീവ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്ട് നം - 26/22

അടങ്കൽ- 710000/-

ചെലവ്- 706064/-

ബിൽ നം-144/ 27/12/2021

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി. )

മേൽ പദ്ധതിയിൽ പാലിയേറ്റീവ് ആവശ്യങ്ങൾക്കായി മരുന്നുകൾ വാങ്ങുന്നതിനു കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 174995 ലക്ഷം രൂപ നൽകിയിട്ടുണ്ട്. എന്നാൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് നാളിതുവരെയായി 1718669 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. മരുന്നുകളുടെ മുഴുവൻ തുകയും മുൻകൂറായി നൽകിയെങ്കിലും സ്ഥാപനവുമായി യാതൊരുവിധ കരാറിലും ഏർപ്പെടാതെയാണ് തുക നൽകിയത്. അടിയന്തിരമായി ബാക്കി തുകക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി - തുക മുൻകൂർ കൈപ്പറ്റിയിട്ടും പണി തുടങ്ങിയില്ല.

എല്ലാവർക്കും സുരക്ഷിത ഭവനം എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതി (പട്ടിക ജാതി) പ്രകാരം ആദ്യ ഗഡു തുക കൈപ്പറ്റി രണ്ട് വർഷം കഴിഞ്ഞിട്ടും ഭവനനിർമാണം തുടങ്ങിയിട്ടില്ല. ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ബിൽ നം. തുക |
|---|---|---|
| 1. | ശൈലജ W/o ഉണ്ണികൃഷ്ണൻ<br>വാർഡ് 6 | 403/20-03-2020<br>40000/- |
| 2. | വിനോദിനി പട്ടർച്ചോലയിൽ<br>വാർഡ് 11 | 405/20-03-2020<br>40000/- |

മേൽ വ്യക്തി ഭവന നിർമ്മാണം പൂർത്തീകരിച്ച് ലൈഫ് മിഷൻ പദ്ധതി ലക്ഷ്യം

കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക തിരിച്ചടവാക്കാൻ നടപടികൾ എടുക്കേണ്ടതാണ്.

**1-16 അംഗൻവാടികൾക്ക് കുഴൽകിണർ നിർമ്മാണം പദ്ധതികൾ നാളിതുവരെയായും നടപ്പിലാക്കാൻ കഴിഞ്ഞില്ല.**

ഓഡിറ്റ് വർഷം പഞ്ചായത്തിലെ വിവിധ അങ്കണവാടികൾക്ക് കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിനായി താഴെപറയും പ്രകാരം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്

| പ്രോജക്റ്റ് നം | പേര് | അടങ്കൽ |
|---|---|---|
| 299/22 | കുറുത്തപറമ്പ് അങ്കണവാടി കുഴൽകിണർ നിർമ്മാണം | 100000 |
| 175/22 | കൽപ്പത്തൂർ അങ്കണവാടി കുഴൽകിണർ നിർമ്മാണം | 80000 |
| 177/22 | എസ്റ്റേറ്റ് ഗേറ്റ് അങ്കണവാടി കുഴൽകിണർ നിർമ്മാണം | 80000 |
| 188/22 | കുട്ടിക്കുന്ന് അങ്കണവാടി കുഴൽകിണർ നിർമ്മാണം | 100000 |

ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയ മേൽ പദ്ധതികളുടെ നിർവ്വഹണം പരിശോധിച്ചതിൽ ഭൂജല വകുപ്പ് കോഴിക്കോട് ജില്ലാഓഫീസറുടെ 10.12.2021 ലെ ജി.ഡബ്ളിയു/കെ.കെ.ഡി/ടി-1931/2021 നമ്പർ കത്ത് പ്രകാരം എസ്റ്റേറ്റ് ഗേറ്റ് അംഗൻവാടി, കുട്ടിക്കുന്ന് അങ്കണവാടി എന്നിവിടങ്ങളിൽ കുഴൽ കിണർ കുഴിക്കുന്നതിന് ശുപാർശ ചെയ്യുകയും കൽപ്പത്തൂർ അങ്കണവാടിയിൽ സാധാരണ തുറന്ന കിണറും ശുപാർശ ചെയ്തിട്ടുണ്ട്. 28-02-22 ലെ കത്തിൽ എസ്റ്റേറ്റ് ഗേറ്റ്, കുട്ടിക്കുന്ന് അങ്കണവാടി എന്നിവിടങ്ങളിൽ കുഴൽകിണർ നിർമ്മിക്കുവാൻ ഡിപ്പാർട്ട്മെന്റ് മെഷീനുകൾക്ക് വാഹന സൗകര്യമില്ലാത്തതിനാൽ ഡിപ്പാർട്ട്മെന്റിന്റെ കൈവശമുള്ള രണ്ട് റിഗ്ഗുകളും ഉപയോഗിച്ച് പ്രവൃത്തി ഏറ്റെടുക്കുവാൻ നിർവ്വാഹമില്ല. എന്നാൽ പ്രസ്തുത പ്രവൃത്തി പഞ്ചായത്തിന് നേരിട്ട് ടെണ്ടർ മുഖേന പ്രൈവറ്റ് റിഗ്ഗുകൾ ഉപയോഗിച്ച് നടത്താവുന്നതാണ് എന്നറിയിക്കുകയും എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. മേൽ പ്രവൃത്തികൾക്കായി 17-03-2022 ൽ ടെണ്ടർ നടത്തിയെങ്കിലും ടെണ്ടറിൽ ആരും പങ്കെടുത്തിട്ടില്ല എന്നാണ് സെക്ഷൻ ക്ലാർക്ക് അറിയിച്ചിട്ടുള്ളത്. എന്നാൽ നാളിതുവരെയായും കരാറുകാരെ കണ്ടെത്തി മേൽ പദ്ധതികൾ നടപ്പിലാക്കാൻ ഗ്രമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ ഗ്രാമപഞ്ചായത്തിന്റെ പ്രാധാന ചുമതലയാണെന്നിരിക്കെ അങ്കണവാടികൾക്ക് കുടിവെള്ള സൗകര്യം ഒരുക്കുന്നതിനായി രൂപീകരിച്ച പദ്ധതികൾ നാളിതുവരെയായും കരാറുകാരെ കണ്ടെത്തി നടപ്പാക്കാൻ കഴിയാത്തത് പഞ്ചായത്തിന്റെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിന് വിശദീകരണം നൽകേണ്ടതും അങ്കണവാടികൾക്ക് അടിയന്തിരമായി കുടിവെള്ളം ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-17 ഇ-ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് പഞ്ചായത്തിന് ലഭിക്കുന്നില്ല.**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതുമരാമത്ത് പദ്ധതികളിൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചാണ് കരാറുകാരെ കണ്ടെത്തിയിട്ടുള്ളത്.

| പ്രവൃത്തിയുടെ പേര് / പ്രോജക്റ്റ് നം | അടങ്കൽ | ടെണ്ടർഫീ |
|---|---|---|
| ആണ്ടിക്കുന്നു റോഡ് | 758401 | 1520 |

| | | |
|---|---|---|
| 71 | | |
| മലമക്കുന്ന കന്നത്തുകുഴി റോഡ്<br>95 | 490759 | 990 |
| എഫ്.എച്ച്.സി കെട്ടിടത്തിൽ ഓഫീസ് സമുച്ചയം 4റൂമുകൾ കൂട്ടിച്ചേർക്കൽ<br>113 | 892763 | 1790 |
| പട്ടർചോല അംഗൻവാടി റോഡ്<br>152 | 222402 | 500 |
| പാലിയേറ്റീവ് മന്ദിരം<br>183 | 892561 | 1790 |
| മാലിയേക്കൽ കുയ്യിൽ സർക്കാർപറമ്പ് റോഡ്<br>234 | 356701 | 720 |
| ആരാംബ്ലോക്ക് ലോല റോഡ്<br>269 | 463396 | 930 |
| സണ്ണിപ്പാടി-ഇല്ലിത്തോട് തൊമ്മനകടറോഡ്<br>256 | 446273 | 900 |
| വല്ലത്തിപ്പാറ പരതറോഡ്<br>264 | 535534 | 1080 |
| മലമക്കുന്ന ചെറുകുളംറോഡ്<br>266 | 133734 | 500 |
| കുരിശ്ശുപാറ പൻതെനൽ കുന്നേരി തോന്നത്ത് റോഡ്<br>267 | 489500 | 980 |
| തളിപ്പറബകൈക്കോട്ടുംപൊിൽ അക്കരപറമ്പ് റോഡ് (റീടെണ്ടർ)240 | 891599 | 1790 |
| മാലൻകുന്ന് അങ്കണവാടി<br>10 | 713935 | 1430 |
| മണ്ടപ്പുറം കരിമ്പമക്കണ്ടിറോഡ്<br>16 | 713936 | 1430 |
| കുറുത്തപറമ്പ് മോളിക്കാവ് റോഡ്<br>15 | 445654 | 900 |

| | | |
|---|---|---|
| പീച്ചം പൊയിൽ കുരിശുപാററോഡ് 8 | 446051 | 900 |
| കാരിമ്പൻകണ്ടി അരുവിക്കര റോഡ് 48 | 446346 | 900 |
| കൽപ്പൂർ അമ്പലം പുയ്യോറ റോഡ് 262 | 586900 | 1180 |
| എഫ്എച്ച്സിയിൽ ടോയ് ലറ്റ് നിർമ്മാണം 316 | 624856 | 1250 |
| വലിയപറമ്പ് തൊണ്ടിയിൽ റോഡ് 42 | 535156 | 1080 |
| സർക്കാർ പറമ്പ് സബ്സെന്റർറിനോവേഷൻ | 624379 | 1250 |
| മാലംകുന്ന് -പൂവത്തിങ്കൽറോഡ് 58 | 580005 | 1170 |
| സിറ്റിസൺസെന്റർ റിന്നൊവേഷൻ 315 | 447754 | 900 |
| എസ്റ്റേറ്റ് ഗേറ്റ് അക്കരപ്പറമ്പറോഡ് 239 | 580826 | 1170 |

ഇ-ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ ജില്ലാപഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ അക്കൗണ്ടിലേക്കാണ് അടവാക്കിയിരിക്കുന്നതെങ്കിലും മേൽ തുക ഗ്രമപഞ്ചായത്തിന്റെ തനത് വരുമാനത്തിൽ പെടുന്നതാണ് . ആയത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ ബന്ധപ്പെട്ട എക്കൗണ്ടിൽ നിന്നും മേൽ തുകകൾ ഗ്രമപഞ്ചായത്തിന് തിരികെ ലഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും. മുൻവർഷങ്ങളിലും ഇത്തരത്തിൽ ഇ-ടെണ്ടർ ഫീ ഇനത്തിൽ തുക തിരികെ ലഭിക്കാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-18 പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം-ഫൈൻ ഈടാക്കിയതിൽ കുറവ്.

ഓഡിറ്റ് വർഷം സ്പിൽ ഓവർ പ്രവൃത്തികളായി പൂർത്തിയാക്കിയ താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ഫൈനൽ ബിൽ തുകയിൽ നിന്നും പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ വന്ന കാലതാമസത്തിന് 1% വീതം പിഴയായി ഈടാക്കിയിട്ടുണ്ട്. എന്നാൽ ആകെ പ്രവൃത്തി മൂല്ല്യത്തിന് പകരം ഓഡിറ്റ് വർഷം പാർട്ട് ബില്ലായി നൽകിയ തുകയ്ക്ക് മാത്രമാണ് ഫൈൻ ഈടാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | കരാറുകാരൻ | ആകെ പ്രവൃത്തി മൂല്ല്യം | ഈടാക്കിയ ഫൈൻ | ഈടാ ക്കേണ്ട തുക | കുറവ് |
|---|---|---|---|---|---|
| കുറുത്തപറമ്പ് മോലിക്കാവ് റോഡ് പ്രോജക്ട് നം-218 | കോഴിക്കോട് ജില്ലാ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1397374 | 4828 | 13973 | 9145 |
| കുളമുണ്ടായി വല്ലത്തായിപാറ റോഡ് പ്രോജക്ട് നം-216 | കോഴിക്കോട് ജില്ലാ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1700824 | 14472 | 17008 | 2536 |
| | | | | | 11681 |

ആയതിന് വിശദീകരിക്കേണ്ടതും കുറവ് വന്ന ഫൈൻ തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം കുറവ് വന്ന ഫൈൻ നഷ്ടത്തിനുത്തരവാദിയായ നിർവ്വഹണ ഉദ്യോഗ സ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1-19 റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ MSS ഇനം ഉൾപ്പെടുത്താത്തതിനാൽ പഞ്ചായത്തിൽ ഗുണനിലവാരമുള്ള റോഡുകൾ നിർമ്മിക്കപ്പെടുന്നില്ല.

സ്ഥാപനത്തിൽ ഓഡിറ്റ് വർഷത്തിൽ നിർവ്വഹിക്കപ്പെട്ട ഭൂരിഭാഗം റോഡ് ടാറിംഗ് പ്രവൃത്തികൾക്കും ഉപയോഗപ്പെടുത്തിയ ഇനം 20mm ചിപ്പിംഗ് കാർപ്പറ്റ് ആണ്. മോർഡ് സ്പെസിഫിക്കേഷനിൽ ഗ്രാമീണ റോഡുകൾക്ക് ഉപയോഗപ്പെടുത്താവുന്ന പ്രധാനപ്പെട്ട രണ്ടിനങ്ങളിൽ

ഒന്ന് മേൽപറഞ്ഞതും മറ്റൊന്ന് MSS(Mixed Seal Surfacing) മാണ്. ആദ്യത്തേത് ഓപ്പൺ ഗ്രേഡഡ് ആയതിനാൽ ഇതിനുമുകളിൽ സീൽ കോട്ട് എന്ന മറ്റൊരിനം കൂടി നിർവ്വഹിച്ചാലാണ് ടാറിംഗ് പ്രവൃത്തി പൂർത്തിയാകുക. എന്നാൽ രണ്ടാമത്തേത് ക്ലോസ് ഗ്രേഡഡ് ആയതിനാൽ ഇതിനു മുകളിൽ മറ്റൊരു സീൽ കോട്ട് ആവശ്യമില്ല. ഇത് കൊണ്ട് തന്നെ കൂടുതൽ ചെലവേറിയ ഇനം 20mm ചിപ്പിംഗ് കാർപ്പറ്റ് ആണെന്ന് കാണാം. ഓപ്പൺ ഗ്രേഡഡ് ആയ 20mm ചിപ്പിംഗ് കാർപ്പറ്റിന് ടാക്ക് കോട്ടിന് മുകളിൽ രണ്ടിനങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട്. ഒന്ന് ചിപ്പിംഗ് കാർപ്പെറ്റും മറ്റേത് സീല് കോട്ടുമാണ്. യഥാക്രമം 153.03 രൂപയും 60.63 രൂപയും നിരക്കിൽ ഇത് രണ്ടിനം കൂടി ഒരു ചതുരശ്ര മീറ്റർ ചെയ്യാൻ ആകെ 213.66 രൂപ ചെലവ് വരുന്നുണ്ട്. എന്നാൽ MSS (Mixed Seal Surfacing) സീൽ കോട്ട് ഉൾപ്പെടെ ചെയ്യുന്നതിനാൽ ഈ ഒരിനം മാത്രമാണ് ടാക്ക് കോട്ടിന് മുകളിൽ ചെയ്യുന്നത്. ഇതിന്റെ നിരക്ക് ചതുരശ്ര മീറ്ററിന് (മെക്കാനിക്കൽ) 161.97/-രൂപ മാത്രമാണ്. അതായത് 20mm ചിപ്പിംഗ് കാർപ്പറ്റ് നിർവ്വഹിക്കുമ്പോൾ എം സ്ക്വയറിന് 51.69 രൂപ അധിക ചെലവ് വരുന്നുണ്ടെന്ന് കാണാം.

മിക്സഡ് സീൽ സർഫസ് (MSS) എന്ന രണ്ടാമത്തെ ഇനത്തിന്റെ മറ്റൊരു പ്രധാന പ്രത്യേകത ഇതിന്റെ പേവിംഗ് നിർവ്വഹിക്കേണ്ടത് ഒരു മെക്കാനിക്കൽ പേവർ (Mechanical Paver) ഉപയോഗിച്ചായിരിക്കണമെന്നതാണ്. (മോർഡ് സ്പെസിഫിക്കേഷൻ, സെക്ഷൻ 507.3 പ്രകാരമുള്ള Construction Operations കാണുക) എന്നാൽ 20mm ചിപ്പിംഗ് കാർപ്പറ്റിന്റെ കാര്യത്തിൽ Construction Operations 506.2.4.6 പ്രകാരമുള്ളതാണ്. ഇത് പ്രകാരം പേവിംഗിൽ കനവും ഗ്രേഡും ക്രോസ് ഫാളും ഉറപ്പാക്കുന്നതരത്തിൽ മിക്സ് ഏകീകൃതമായി നിരത്താനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതായത് ഇവിടെ പേവിംഗ് നിർവ്വഹിക്കുന്നത് മനുഷ്യശേഷി വിനിയോഗിച്ചാണെന്ന് കാണാം. ഈ രണ്ട് രീതികളും അവലംബിക്കുമ്പോൾ നിർമ്മാണശേഷം റോഡിന്റെ പ്രതലത്തിൽ അനുവദിക്കാവുന്ന പരമാവധി നിമ്നോന്മത (Undulations) മോർഡ് സ്പെസിഫിക്കേഷന്റെ ഗുണനിലവാരം സംബന്ധിച്ച് വിശദമാക്കുന്ന സെക്ഷൻ 1800 ൽ പ്രതിപാദിച്ചിട്ടുണ്ട്. വിവിധ നിർമ്മിതികളിൽ (സബ് ബേസ്,ബേസ് മുതലായവ) അനുവദിക്കാവുന്ന സർഫസ് ലെവലിലെ പരാമാവധി ടോളറൻസ് 1802.2 നമ്പർ ടേബിളിൽ വിശദമാക്കിയിട്ടുണ്ട്. ഇത് പ്രകാരം മെഷീൻ ഉപയോഗിച്ച് പേവിംഗ് നടത്തുന്ന പ്രീ മിക്സ് ചിപ്പിംഗ് കാർപ്പറ്റ്, MSS എന്നീ ഇനങ്ങളിൽ പരാമാവധി ടോളറൻസ്(tolerance) കൂടിയത് + 6mmഉം കുറഞ്ഞത് – 6 Mmമാണ്. അതായത് പരാമാവധി അനുവദിക്കാവുന്ന ഉയർന്നതും താഴ്ന്നതുമായ നിമ്നോന്മത (Undulations) മേൽ പറഞ്ഞ അളവുകൾക്കിടയിലുള്ളതാണെന്ന് കാണാം. എന്നാൽ മാന്വൽ രീതിയിൽ പേവിംഗ് നടത്തുമ്പോൾ ഇത് പരാമാവധി + 10mmഉം – 10 Mm ഇടയിലാണെന്ന് കാണാം. ഇപ്രകാരമുള്ള ഉയർന്ന നിമ്നോന്മത (Undulations) സുഗമമായ യാത്രയ്ക്ക് തടസ്സമാകും. കൂടാതെ മെക്കാനിക്കൽ പേവർ ഉപയോഗിക്കുമ്പോൾ നിർമ്മിതിയിൽ തന്നെ പ്രതലത്തിന്റെ ലെവൽ പരമാവധി ഉറപ്പാക്കപ്പെടുന്നതാണ്. എന്നാൽ മാന്വലായി നിർമ്മിക്കുമ്പോൾ മേൽ പറഞ്ഞ പരമാവധി ടോളറൻസ് (Tolerance) ആയ + 10mm ഉം -10 Mm ഇടയിലാണ് നിർമ്മാണം നടന്നതെന്ന് ഒരു സംവിധാനവും നിലവിൽ ഉറപ്പാക്കുന്നില്ല. ഇത് കൊണ്ട് തന്നെ ഇത്തരം റോഡുകളിൽ നിമ്നോന്നത (Undulations) അനുവദിച്ചതിലും വളരെ കൂടുതൽ വരുന്ന അവസ്ഥാ വിശേഷമുണ്ട്. മാന്വൽ പേവിംഗ് രീതിയെ അപേക്ഷിച്ച് ചെലവ് കുറവുള്ളതും നിമ്നോന്നത കുറയുന്നതിനാൽ വാഹനഗതാഗതം സുഗമമാക്കുന്നതുമായ MSS എന്ന രീതി പഞ്ചായത്ത് റോഡുകളിൽ അവലംബിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-20 എംബുക്ക് സൂക്ഷിക്കുന്നതിലെ അപാകതകൾ

ഓഡിറ്റ് വർഷം ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും 31-5-2021 ന് 100പേജുകളുള്ള 25 എംബുക്കുകളും, 25 പേജു കളുള്ള 500 എംബുക്കുകളും 1-02-2022 ന് 100 പേജുകളുള്ള 25 എംബുക്കുകളും 50പേജുള്ള 300 എംബുക്കുളും വാങ്ങിയതായി സെക്രട്ടറിയുടെ സ്റ്റോക്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എം ബുക്ക് രജിസ്റ്റർ പ്രകാരം 2021-22മുതൽ താഴെ പറയും പ്രകാരം എണ്ണം എംബുക്ക കൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഉദ്യോഗസ്ഥന്റെപേര് | 25 പേജ് | 50 പേജ് | 100 പേജ് |
| --- | --- | --- | --- |

| | | | |
|---|---|---|---|
| എ.ഇ<br>എൻ ആർ.ഇ.ജി.എസ് | 108 | 168 | - |
| എ.ഇ | 49 (എത്രപേജ് എന്ന് രേഖപ്പെടുത്തിയിട്ടില്ല) | | |
| എ.ഇ(ഇലക്ട്രിക്കൽ) | 1 (എത്രപേജ് എന്ന് രേഖപ്പെടുത്തിയിട്ടില്ല) | | |

എംബുക്കുകളുടെ സൂക്ഷിപ്പും വിതരണവും പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1-2021-22 ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ആകെ 850 എംബുക്കുകൾ (25പേജ് 500 എണ്ണം,50പേജ് 300എണ്ണം,100 പേജ് 50 എണ്ണം)വാങ്ങിയതിൽ നാളിതുവരെയായി 326എണ്ണം പുസ്തകങ്ങളാണ് ഇഷ്യൂചെയ്തിട്ടുണ്ട് .എംബുക്കുകളുടെ ഫിസിക്കൽ വെരി ഫിക്കേഷൻ നടത്തിയതിൽ ആകെ 422പുസ്തകങ്ങൾ( 25 പേജ് 323എണ്ണം,100പേജ് 52എണ്ണം,50പേജ് 47 എണ്ണം) ഇഷ്യൂചെയ്യാതെ സ്റ്റോക്കിൽ അവശേഷിക്കു ന്നതായികാണാൻ കഴിഞ്ഞു. അങ്ങിനെയെങ്കിൽ 102 പുസ്തകങ്ങൾ ആർക്കാണ് അനുവദിച്ചിരിക്കുന്നത് എന്നതിൽ വ്യക്തതയില്ല.

2-പൊതുമരാമത്ത് പ്രവൃത്തികളുടെ മൂല്ല്യനിർണ്ണയവും , പൂർത്തീകരണവും കണക്കാക്കുന്നത് എംബുക്കുകളിലെ രേഖപ്പെടുത്ത ലുകളുടെ അടിസ്ഥാനത്തിലാകയാൽ എംബുക്ക് രജിസ്റ്ററിൽ ഏത് പ്രവൃത്തിക്കായി ഏത് നമ്പറിലുള്ള എംബുക്ക് എന്നാണ് ഇഷ്യൂ ചെയ്തിരിക്കുന്നത് എന്ന രേഖപ്പെടുത്തലുകളില്ലാത്തതിനാൽ എം ബുക്കുകൾ ദുരുപയോഗപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ചുറ പ്പിക്കാൻ കഴിയില്ല.

3-അസിസ്റ്റന്റ് എഞ്ചിനീയർ ,അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) എന്നിവർക്ക് എംബുക്കുകൾ ഇഷ്യൂചെയ്തതായി കാണിച്ചിട്ടുണ്ടെങ്കിലും എത്രപേജുകളുള്ള പുസ്തകങ്ങളാണ് ഇവർക്ക് ഇഷ്യൂചെയ്തിരിക്കുന്നത് എന്ന വിവരം എംബുക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

എംബുക്കുകളുടെ സൂക്ഷിപ്പ് വിതരണം എന്നിവയിലെ മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-21 എൻ.ആർ.ഇ.ജി.എസ് മെറ്റീരിയൽ പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തതുവഴി പഞ്ചായത്തിന് കുറഞ്ഞതുകയ്ക്ക് സാധനങ്ങൾ സമാഹരിക്കാൻ കഴിഞ്ഞു.

മുൻ വർഷങ്ങളിൽ നിന്നും വിഭിന്നമായി എൻ.അർ.ഇ.ജി.എസ് പ്രവൃത്തികൾക്കായി മെറ്റീരിയൽ സപ്ലൈ ചെയ്യൽ പ്രവൃത്തി കൾക്കാൾക്കായി ഇ-ടെണ്ടർ നടത്തിയതിൽ ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളെ നാലായി തിരിച്ച് ആവശ്യമായ മെറ്റീരിയലുകൾ സപ്ലൈചെയ്യുന്നതിനുള്ള കരാറുകാരെ കണ്ടെത്തുകയാണ് ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വാർഡുകൾ | കരാറുകാരന്റെ പേര് | നിരക്ക് |
|---|---|---|
| 1മുതൽ 4 | സോളിഡ് സിവിൽ സൊല്യൂഷൻസ് | 52.99% കുറവ് |
| 5മുതൽ 8 | ഫസലുറഹിമാൻ .എ.പി | 52.91%കുറവ് |
| 9മുതൽ 13 | ഹംസ.പി.ഐ | 52.54%കുറവ് |
| 14മുതൽ 18 | ഹംസ.പി,പുതിയോട്ടിൽ | 52.09%കുറവ് |

മേൽ വിശദാംശങ്ങൾ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് നിരക്കിനാൽ 52.99% വരെ കുറഞ്ഞനിരക്കിലാണ് കരാറുകരാർ മെറ്റീരിയൽ സപ്ലൈചെയ്യുന്നതിനായി കരാർചെയ്തിട്ടുള്ളത് ആയത്

പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന നടപടിയാണ് എന്നത് അഭിനന്ദനീയമാണ്. എങ്കിലും പഞ്ചായത്തിലെ മുഴുവൻ വാർഡുകൾക്കും ആവശ്യമായ മെറ്റീരിയലുകൾ വിതരണം ചെയ്യുന്നതിനായി ഒറ്റ ടെണ്ടർ നടത്താതെ നാലുടെണ്ടറുകൾ നടത്തി നാല് കരാറുകാർക്ക് വ്യത്യസ്ത നിരക്കിൽ കരാർ നൽകിയ നടപടി വിശദീകരിക്കേണ്ടതാണ്. കൂടാതെ ഓഡിറ്റ് വർഷം ആകെ 17മെറ്റീരിയൽ പ്രവൃത്തികളാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും ഇതിൽ മൂന്ന് പ്രവൃത്തികൾ മാത്രമാണ് നാളിതുവരെയായും നിർവ്വഹിച്ച് ഫൈനൽ ബിൽ നൽകിയിട്ടുള്ളത്. ഇക്കാരണത്താൽ തന്നെ ടെണ്ടർ കുറവ് വഴി ലഭിക്കുമായിരുന്ന മുഴുവൻ ഗുണഫലവും പഞ്ചായത്തിന് ലഭിക്കാതെ പോകുന്നതിന് ഇടയാകും ആയത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു

1-22 പുനർലേലം നടപടി പൂർത്തീകരിച്ചില്ല

10-ാം വാർഡിലെ മാന്ത്ര അംഗണവാടിക്കു സമീപം കറി പൗഡർ യൂണിറ്റിനു വേണ്ടി പ്രവർത്തിച്ചിരുന്ന കാലപ്പഴക്കം ചെന്ന കെട്ടിടം (AE യുടെ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ) പൊളിച്ചുനീക്കുന്നതിന് 17.03.2022 ന് ലേലം നടത്തിയിരുന്നെങ്കിലും കെട്ടിടത്തിനുള്ളിലെ യന്ത്രസാമഗ്രികളുടെ വാല്യുവേഷൻ - AE തയ്യാറാക്കിയ സർവ്വേ റിപ്പോർട്ടിൽ ഉൾപ്പെടാതിരുന്നതിനാൽ പുനർലേലം ചെയ്യാൻ തീരുമാനിക്കുകയുണ്ടായി . ( 23.03.2022 ലെ 4/2ാം നമ്പർ തീരുമാനം).

പ്രസ്തുത കെട്ടിടത്തിലെ മെഷിനറികൾ കയ്യൊഴിയുന്നത് സംബന്ധിച്ച സാക്ഷ്യപത്രം , യന്ത്ര സാമഗ്രികളുടെ വാല്യുവേഷൻ എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് PWD മെക്കനിക്കൽ വിംഗ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 26.07.2022 ന് കത്ത് നൽകിയതിന് -മെഷിനറി വാങ്ങിയത് സംബന്ധിച്ച ഇൻവോയിസ്, മെഷിനറി സ്ഥാപിച്ച വർഷം എന്നിവ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ മേൽ സംരംഭവുമായി ബന്ധപ്പെട്ട രേഖകൾ പഞ്ചായത്ത് ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ വിശദാംശം ലഭ്യമാക്കുന്നതിനായി 30.08.2022 ന് കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കും , പട്ടികജാതി വികസന ഓഫീസർക്കും കത്ത് നൽകിയിട്ടുണ്ട്. ആയതിന് പ്രസ്തുത സംരംഭം അവർ നടപ്പിലാക്കിയതല്ല എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ യൂണിറ്റ് ഏത് പദ്ധതിയുമായി ബന്ധപ്പെട്ടതാണെന്ന് കണ്ടെത്തി വാല്യുവേഷൻ നടപടികൾ പൂർത്തിയാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ലേലം നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-23 വസ്തുനികുതി നിർണ്ണയച്ചതിൽ കുറവ്

2011 ലെ കേരള പഞ്ചായത്ത് രാജ് 203,208 (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം, തറ വിസ്തീർണ്ണം എന്നിവ പരിഗണിച്ച് നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. ഇതു പ്രകാരം പഞ്ചായത്തിലെ 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

എന്നാൽ തൻവർഷം നിർമ്മാണം പൂർത്തിയായ ആൽഫ സാന്റ് യൂണിറ്റിന് ചതുരശ്ര മീറ്ററിനു 50 രൂപ ഈടാക്കേണ്ടതിനു പകരം 40 രൂപ ആണ് ഈടാക്കിയത് . ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചിട്ടുണ്ട് . വിശദാംശം ചുവടെ ചേർക്കുന്നു .

1.

| | |
|---|---|
| വാർഡ് നമ്പർ | 15 |
| കെട്ടിട നമ്പർ | 593 G |

| | |
|---|---|
| കെട്ടിടമുടമയുടെ പേരും വിലാസവും | ആൽഫ സാന്റ് യൂണിറ്റ് പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടർ |

| | | |
|---|---|---|
| തറ വിസ്തീർണം: 865.52 ച.മീ<br>കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: പ്രഥമം | | |
| ബാധകമാക്കിയ നികുതി നിരക്ക് ച.മീറ്ററിന് 40 രൂപ തോതിൽ | ബാധകമാക്കേണ്ട നികുതി നിരക്ക് ച.മീറ്ററിന് 50 രൂപ തോതിൽ | നഷ്ടം |
| അടിസ്ഥാന നികുതി = 865.52*40 = 34620.8<br>മേൽക്കൂരയിന്മേലുള്ള ഇളവ് 10%=3462 .08<br>വഴി സൗകര്യത്തിന്മേലുള്ള വർദ്ധനവ് 20% =6924.16<br>ആകെ വസ്തു നികുതി =38083<br>ലൈബ്രറി സെസ് 5%= 1904 | അടിസ്ഥാന നികുതി = 865.52*50= 43276<br>മേൽക്കൂരയിന്മേലുള്ള ഇളവ് 10%=4327.6<br>വഴി സൗകര്യത്തിന്മേലുള്ള വർദ്ധനവ് 20% =8655.2<br>ആകെ വസ്തു നികുതി =47604<br>ലൈബ്രറി സെസ് 5%= 2380 | വസ്തു നികുതി = 9521<br>ലൈബ്രറി സെസ് =476 |
| ആകെ നഷ്ടം | | 9997 രൂപ |

II .

| | |
|---|---|
| വാർഡ് നമ്പർ | 15 |
| കെട്ടിട നമ്പർ | 593 F |
| കെട്ടിടമുടമയുടെ പേരും വിലാസവും | ആൽഫ സാന്റ് യൂണിറ്റ് പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടർ |

| | | |
|---|---|---|
| തറ വിസ്തീർണം: 201.52 ച.മീ<br>കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: പ്രഥമം | | |
| ബാധകമാക്കിയ നികുതി നിരക്ക് ച.മീറ്ററിന് 40 രൂപ തോതിൽ | ബാധകമാക്കേണ്ട നികുതി നിരക്ക് ച.മീറ്ററിന് 50 രൂപ തോതിൽ | നഷ്ടം |
| 201.52*40= 8060.8<br>മേൽക്കൂരയിന്മേലുള്ള ഇളവ് 10%=806 .08 | 201.52*50= 10076<br>മേൽക്കൂരയിന്മേലുള്ള ഇളവ് 10%=1007.6 | വസ്തു നികുതി 2217 |

| | | |
|---|---|---|
| വഴി സൗകര്യത്തിന്മേലുള്ള വർദ്ധനവ് 20% =1612.16<br>ആകെ വസ്തു നികുതി =8867<br>ലൈബ്രറി സെസ് 5%= 443 | വഴി സൗകര്യത്തിന്മേലുള്ള വർദ്ധനവ് 20% =2015.2<br>ആകെ വസ്തു നികുതി =11084<br>ലൈബ്രറി സെസ് 5%= 554 | ലൈബ്രറി സെസ്<br>111 |
| ആകെ നഷ്ടം | | 2328 രൂപ |

ബാധകമാക്കേണ്ട നികുതി നിരക്ക് ഈടാക്കാത്തതു വഴി 2 കെട്ടിടങ്ങളിൽ നിന്നുമായി പഞ്ചായത്തിന് 12325/-രൂപയുടെ നഷ്ടം വന്നിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-24 വസ്തു നികുതി - വേക്കൻസി റമിഷൻ നടപടികളിലെ അപാകതകൾ

2021-22 വർഷം ഒഴിവായി കിടക്കുന്ന കെട്ടിടത്തിന് നികുതി ഇളവ് ചെയ്തു കൊടുത്തത് പരിശോധിച്ചതിൽ ഇളവ് അനുവദിച്ച വിവരം നിശ്ചിത മാതൃകയിൽ ഉള്ള രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 21 (3) പ്രകാരം അനുവദിക്കപ്പെടുന്ന ഏതൊരു ഇളവും ഈ ആവശ്യത്തിനായി നിശ്ചയിച്ചിട്ടുള്ള ഫാറം 11 ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-25 ഓഡിറ്റ് ഇംപാക്ട്

വൻ തുക ബാങ്ക് തിരികെ നൽകി

1) സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി 2014-15 കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് 4 കോടി രൂപ വായ്പയെടുത്തിരുന്നു. വായ്പയുടെ മുതൽ തുക വികസന ഫണ്ടിൽ നിന്നും, പലിശ തനത് ഫണ്ടിൽ നിന്നും തിരിച്ചടയ്ക്കാൻ ഉത്തരവായതിന്റെ സാഹചര്യത്തിൽ 14% പലിശയ്ക്കാണ് 4 കോടി രൂപ വായ്പയെടുത്തത് 2020-21 വർഷത്തെ ഓഡിറ്റ് തീയതി വരെ (സെപ്റ്റംബർ മാസം വരെ) 5527749 രൂപ മുറയും, 23509905 രൂപ പലിശയും അടവാക്കി. ഇതിൽ പിഴപലിശ ഇനത്തിലും കൂട്ടുപലിശ ഇനത്തിലും വൻതുക ബാങ്ക് ഈടാക്കിയതായി ഓഡിറ്റ് കണ്ടെത്തുകയും, 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-8 ആയി ഉൾപ്പെടുത്തുകയും ചെയ്തു.

മേൽ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ 13.10.2021 ന് ബാങ്ക് പലിശ ഇനത്തിലും, കൂട്ടതലായി ഈടാക്കിയ തുകയും, പിഴപലിശയും ഉൾപ്പെടെ 1015207 രൂപ തിരികെ നൽകി.

2)

തൊഴിലുറപ്പ് പദ്ധതി മുഖേന മെറ്റീരിയൽ വാങ്ങുമ്പോൾ കരാറുകാർ ഇടനിലക്കാരായി പ്രവർത്തിച്ചതിനാൽ 2019-20, 2020-21 എന്നീ വർഷങ്ങളിൽ ലക്ഷങ്ങളുടെ നഷ്ടമുണ്ടായതായി ഓഡിറ്റ് റിപ്പോർട്ട് 2020-21 ഖണ്ഡിക 1-13 നമ്പറിൽ ചൂണ്ടിക്കാട്ടി . 2021-22 വർഷത്തിൽ മെറ്റീരിയൽ സപ്ലൈയ്ക്ക് ടെൻഡർ ചെയ്തതിൽ 52.99 % കുറവിൽ ആണ് മെറ്റീരിയൽ സംഭരിച്ചത്. മെറ്റീരിയൽ കേരളത്തിലെ വിപണിയിൽ ഡൽഹി റേറ്റിനേക്കാൾ കുറഞ്ഞ ചെലവിൽ സമാഹരിക്കാനാകും എന്നായിരുന്നു ഖണ്ഡികയിലെ പരാമർശം. ഇത് ശരിയാണെന്ന് ഉറപ്പ് വരുത്തുന്നതായിരുന്ന ടെൻഡറിലെ പങ്കാളിത്തം.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പഞ്ചായത്തിന് വാഹനം വാങ്ങിയത് - അധികം ചെലവഴിച്ച തുകയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമായില്ല

2017-18 വർഷത്തിൽ പ്രോജക്ട് നമ്പർ എസ്.ഒ.2/18 പ്രകാരം വികസന ഫണ്ട് 15 ലക്ഷം വകയിരുത്തി ബിൽ നമ്പർ 53/17-18/21.03.2018 പ്രകാരം 1280610 രൂപ ചെലവഴിച്ച സ്കോർപ്പിയോ വാഹനം വാങ്ങിയിട്ടുണ്ട്. ഇത് സംബന്ധിച്ച് 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3-29 ആയി പരാമർശം ഉൾപ്പെട്ടിട്ടുണ്ട്. സർക്കാർ ഉത്തരവ് 397/18/തസ്വഭവ തീയതി 02.08.2018 പ്രകാരം പത്ത് ലക്ഷം രൂപ ചെലവഴിച്ച് വാഹനം വാങ്ങാൻ അനുമതി നൽകിയിരുന്നു. അധികം ചെലവഴിച്ച 280610 രൂപയ്ക്ക് സാധൂകരണം ലഭ്യമാക്കാൻ പഞ്ചായത്ത് സർക്കാരിലേക്ക് അപേക്ഷ നൽകിയെങ്കിലും, 27.08.2021 ലെ ഡി.ബി3/221/2019/തസ്വഭവ നമ്പർ കത്തിലൂടെ, സർക്കാർ നിർദ്ദേശം പാലിക്കാതെ പദ്ധതി വിഹിതം അധികം ചെലവഴിച്ച് വാങ്ങിയ നടപടി സാധൂകരിക്കാനായില്ലെന്ന് അറിയിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥർ എന്ന നിലയ്ക്ക് സെക്രട്ടറി ശ്രീ സുരേഷ് ബാബുവിൽ നിന്ന് അധികം ചെലവഴിച്ച തുകയായ 280610 രൂപ തിരിച്ചടയ്ക്കാൻ 01.10.2022 ന് 400990/ജിഎഡിസി 01/ജി.പി.ഒ/2023/3327(1) പ്രകാരം കത്ത് നൽകിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകത കാണുന്നു.

1) 1280610 രൂപ ചെലവഴിച്ച് സ്കോർപ്പിയോ വാഹനം വാങ്ങാൻ സെക്രട്ടറി ഒറ്റയ്ക്ക് തീരുമാനിച്ചതല്ല. 09.03.2018 ലെ ഭരണസമിതിയുടെ കൂട്ടായ തീരുമാനമാണ്. മിനുട്ട്സ് പരിശോധിച്ചതിൽ, യോഗത്തിൽ പങ്കെടുത്ത 17 മെമ്പർമാർ ആരും തന്നെ ഈ തീരുമാനത്തോട് വിയോജിപ്പ് പ്രകടിപ്പിച്ചിട്ടില്ല. കൂടാതെ പദ്ധതി വിഹിതം പത്ത് ലക്ഷം രൂപ മാത്രമേ വാഹനം വാങ്ങാൻ വിനിയോഗിക്കാവൂ എന്ന് സെക്രട്ടറിയും ഭരണസമിതിയോട് നിയമോപദേശം നൽകിയിട്ടില്ല. ഇക്കാരണത്താൽ അധികം ചെലവഴിച്ച തുകയ്ക്ക് സെക്രട്ടറിയെ കൂടാതെ 17 മെമ്പർമാർക്കും ഉത്തരവാദിത്തമുണ്ട്. അതിനാൽ നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്ന് 280610 രൂപ തിരിച്ചടയ്ക്കാൻ നിർദ്ദേശിച്ച 05.09.2022 ലെ 9/1 നമ്പർ തീരുമാനം പുന പരിശോധിക്കേണ്ടതാണ്. തുക - പഴയ ഭരണസമിതിയിലെ 17 പേരും, സെക്രട്ടറിയും ഉൾപ്പെടെ 18 പേരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

### 3-2 സ്ഥാനാർത്ഥി കെട്ടിവെച്ച പണം നിയമപരമായ സമയപരിധി കഴിഞ്ഞ് റീഫണ്ട് ചെയ്തു.

2020 ഡിസംബർ മാസം നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ ഭാഗമായി 8 സ്ഥാനാർത്ഥികൾക്ക് അവർ സമർപ്പിച്ച നിക്ഷേപം 04.08.2021 ന് 22100396 മുതൽ 22100400 വരെയുള്ള വൗച്ചർ പ്രകാരം 1000 രൂപ പിൻവലിച്ച് 8 സ്ഥാനാർത്ഥികൾക്ക് തിരികെ നൽകിയിട്ടുണ്ട്. (പെൻ നമ്പർ 307144 മുതൽ 307151 വരെ കാണുക) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 144(2) പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചതിന് ശേഷം മൂന്ന് മാസത്തിനകം നിക്ഷേപം തിരിച്ച് നൽകേണ്ടതാണ്. 2020 ഡിസംബർ മാസം തെരഞ്ഞെടുപ്പ് ഫലം വന്ന സാഹചര്യത്തിൽ നിക്ഷേപം 2021 മാർച്ച് മാസത്തിനകം സ്ഥാനാർത്ഥികൾക്ക് തിരിച്ച് നൽകേണ്ടതായിരുന്നു. എന്നാൽ മേൽ കാണിച്ച 8 പേർക്കും, ആഗസ്റ്റ് മാസത്തിലാണ് 1000 രൂപ വീതം തിരികെ നൽകിയത്. അതിനാൽ മേൽ തുക ആകെ 8000 രൂപ ഇത് തിരികെ നൽകാൻ ശുപാർശ ചെയ്ത സെക്ഷൻ ക്ലാർക്ക്, സെക്രട്ടറി,

അക്കൗണ്ടന്റ് എന്നിവരിൽ നിന്ന് തുല്യ ഗഡുക്കളായി ഈടാക്കി തിരിച്ചടയ്ക്കേണ്ടതാണ്.

### 3-3 പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം-ഫൈൻ ഈടാക്കിയതിൽ കുറവ്.

ഓഡിറ്റ് വർഷം സ്പിൽ ഓവർ പ്രവൃത്തികളായി പൂർത്തിയാക്കിയ താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ഫൈനൽ ബിൽ തുകയിൽ നിന്നും പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ വന്ന കാലതാമസത്തിന് 1% വീതം പിഴയായി ഈടാക്കിയിട്ടുണ്ട്. എന്നാൽ ആകെ പ്രവൃത്തി മൂല്ല്യത്തിന് പകരം ഓഡിറ്റ് വർഷം പാർട്ട് ബില്ലായി നൽകിയ തുകയ്ക്ക് മാത്രമാണ് ഫൈൻ ഈടാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | കരാറുകാരൻ | ആകെ പ്രവൃത്തി മൂല്യം | ഈടാക്കിയ ഫൈൻ | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|---|---|---|
| കുത്തപറമ്പ് മോലിക്കാവ് റോഡ് പ്രോജക്ട് നം-218 | കോഴിക്കോട് ജില്ലാ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1397374 ബിൽ നം. 489/ 29.03.2021 ബിൽ നം. 73/ 12.10.2021 | 4828 | 13973 | 9145 |
| കുളമുണ്ടായി വല്ലത്തായിപാറ റോഡ് പ്രോജക്ട് നം-216 | കോഴിക്കോട് ജില്ലാ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1700824 72/12.10.21 | 14472 | 17008 | 2536 |
| | | | | | 11681 |

ആയതിന് വിശദീകരിക്കേണ്ടതും കുറവ് വന്ന ഫൈൻ തുക ബന്ധപ്പെട്ട കറാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം കുറവ് വന്ന ഫൈൻ നഷ്ടത്തിനുത്തരവാദിയായ നിർവ്വഹണ ഉദ്യോഗ സ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | ഓഡിറ്റ് കാലയളവ് | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1360000 | ലൈഫ് ഹൗസിംഗ് ഭവന പദ്ധതി | 1360000 | 0 |
| | | 550000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 550000 | 0 |
| | | 700000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 700000 | 0 |
| | | 34520 | നെൽകൃഷി കൂലിചെലവ് സബ്സിഡി | 34520 | 0 |
| | | 50000 | പച്ചക്കറികൃഷിക്ക് കൂലിചെലവ് സബ്സിഡി | 50000 | 0 |
| ജില്ല പഞ്ചായത്ത് | | 680000 | ലൈഫ് ഹൗസിംഗ് ഭവന പദ്ധതി | 680000 | 0 |
| | | 550000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 550000 | 0 |
| | | 250000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 250000 | 0 |
| | | 41424 | നെൽകൃഷി കൂലിചെലവ് സബ്സിഡി | 41424 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | തുക അനുവദിച്ച വൗച്ചർ നമ്പർ / തിയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ആറ്റുപുറം ലക്ഷംവീട് കോളനി കുഴൽ കിണർ നിർമ്മാണം | 22101217 തി 23.03.2022 | 40915 | 0 | 40915 |
| | പകൽവീട് തേക്കുംകുറ്റി കുഴൽ കിണർ നിർമ്മാണം | 22101218 തി 23.03.2022 | 35855 | 0 | 35855 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഭവന നിർമ്മാണം | ജി.ഒ(എം എസ്)83/13 ത.സ്വ.ഭ.വ 11.3.13 | 29012251 | 1500000 | 3819950 | 27512251 |
| കെ.യു.ആർ .ഡി.എഫ്.സി | | 2470485 | 616000 | 0 | 1854485 |

31.03.2021 ന് സെക്യൂർഡ് ലോൺ (KURDFC) ഇനത്തിൽ നീക്കിയിരിപ്പായി കാണിച്ചിരുന്നത് 56,70,485/- രൂപയായിരുന്നു. ആയത് ലൈഫ് ഭവന പദ്ധതിക്ക വേണ്ടി ലഭിച്ച സ്റ്റേറ്റ് ഷെയർ തുകയായ 32,00,000/- രൂപ കൂടി ഉൾപ്പെട്ട തുകയാണ്. 2020-21 ലെ സെക്യൂർഡ് ലോൺ (KURDFC) ഇനത്തിലെ യഥാർത്ഥ നീക്കിയിരിപ്പ് 2470485/- രൂപയാണ്.

11.03.16 ലെ ജി.ഒ(എം എസ്)83/13 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് ഇ.എം.എസ് ഭവന പദ്ധതി പ്രകാരമോ,തദ്ദേശ സ്വയംഭരണ സ്ഥാപനം നടപ്പിലാക്കിയ മറ്റേതെങ്കിലും ഭവന പദ്ധതി പ്രകാരമോ എടുത്ത വായ്പാ തുകയുടേയും പുതിയ ഭവന പദ്ധതി പ്രകാരം എടുത്ത വായ്പാ തുകയുടേയും പ്രതിവർഷ തിരിച്ചടവ് പ്രതിവർഷം ലഭിക്കുന്ന വികസനഫണ്ടിന്റെ 15% ൽ കവിയാൻ പാടില്ലാത്തതാണ് .ഇതു പ്രകാരം തൻ വർഷം ലഭിച്ച വികസനഫണ്ടിന്റെ (18025291 രൂപ) 15% തുകയായ 2703793 രൂപ തിരിച്ചടക്കേണ്ടതാണ് എന്നാൽ തൻവർഷത്തെ തിരിച്ചടവ് (2 ലോണിനും കൂടി) തുക 2116000 രൂപയാണ്.

വികസനഫണ്ടിന്റെ തൻവർഷത്തെ വരവ് 17615400/-രൂപയാണ് ഇതിൽ 16994891 രൂപയാണ് ചെലവഴിച്ചത് ( ജി.ഒ.പ്രോജക്ടിനായി ലഭിച്ച 1030400 രൂപ വരവിലും ചെലവിലും ഉൾപ്പെടുത്താതെ ) 620509/-രൂപ ചെലവഴിക്കാൻ സാധിക്കാതെ വന്നിട്ടുണ്ട് ."ലോൺ തിരിച്ചടവ് "പ്രൊജക്റ്റിന്റെ ഫണ്ട് വിനിയോഗത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചിരുന്നെങ്കിൽ മേൽ പ്രകാരം ചെലവഴിക്കാതെ അവശേഷിച

620509/രൂപ കൂടി തിരിച്ചടവിൽ ഉൾപ്പെടുത്താമായിരുന്നു.

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ |
|---|---|---|---|---|
| 2019-20 | 1-11 | 4658 | രാജേഷ് .ടി.പി, അസി.എഞ്ചിനീയർ | 121010101985 തി 19.11.21 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | റിമാർക്സ് |
|---|---|---|---|---|---|
| 2000-01 | 31 | 2003-04 | മറ്റ് പരാമർശങ്ങൾ 11.14 | തെരുവ് വിളക്ക് സ്ഥാപിക്കൽ | |
| 2001-02 | 3.2 | 2005-06 | 2.70.1.8.1 (73) | കുടിവെള്ള പദ്ധതികൾ ഗ്രാമ പഞ്ചായത്തുകൾക്ക് ബാദ്ധ്യതയാകുന്നു | ഒഴിവാക്കാൻ ശുപാർശ |
| 2001-02 | 3.7 | 2005-06 | 2.70.1.9.6 (73) | കർഷക തൊഴിലാളി പെൻഷൻ കാലതാമസം 2001-02 ൽ ലഭിച്ച 100 ഓളം അപേക്ഷകൾ ഒരു വർഷത്തിന് ശേഷമാണ് തീർപ്പാക്കിയത് | ഒഴിവാക്കാൻ ശുപാർശ |
| 2001-02 | 2 | 2005-06 | 2.70.14.12 (80) | നികുതി പിരിക്കുന്നതിലെ അലംഭാവം | ഒഴിവാക്കാൻ ശുപാർശ |
| 2003-04 | 2.1 | 2006-07 | 3.79.1.22(100) | ഗ്രാമ പഞ്ചായത്ത്- കെട്ടിട നികുതി,തൊഴിൽ | |

| | | | | | |
|---|---|---|---|---|---|
| | | | | നികുതി,തനത് വരവ് യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണപ്പെട്ടു. 1)കെട്ടിട നികുതി 89298.00 2)തൊഴിൽ നികുതി ---- 3)ലൈസൻസ് 4443.00 മറ്റിനം 93741.00(1995-96 മുതൽ 2000-01 വരെ) | |
| 2002-03 | 3.26 | 2006-07 | 3.79.3.11(102) | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് അപാകതകൾ | |
| 2003-04 | 2.3 | 2006-07 | 3.79.4.6(103) | പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം-കാഷ് ബുക്കും മറ്റും ശരിയാം വിധം എഴുതുന്നില്ല | |
| 2003-04 | 3.6 | 2006-07 | 3.79.6.9(105) | മണൽ വിൽപ്പന റിവർ മാനേജ്മെന്റ് ഫണ്ട് അടച്ചതിന് ക്യാഷ് രസീതി നൽകുന്നില്ല. | |
| 2003-04 | 3.10 | 2006-07 | 3.79.11.2(108) | കന്നുകുട്ടി പരിപാലനം അപാകതകൾ | |
| | | 2013-14 | 5.1.5.2(58) | ജലസ്രോതസ്സുകൾ മാലിന്യ കൂമ്പാരം | |
| 2014-15 | 3.19 | 2016-17 | 6(ബി) | ആശ്രയ | |
| 2015-16 | 2.2 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | |
| 2016-17 | 2.6 | 2017-18 | 1.11.3 | കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു. | |
| | 23 | 2019-211 | 6 | ഒഴിവാക്കി | |
| | 25 | 2019-21 | 6 | ഒഴിവാക്കി | |
| | 40 | 2019-21 | 6 | ഒഴിവാക്കി | |
| 2016-17 | 2-9 | 2017-18 | 1.11.3 | കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു. | |
| 2019-20 | 1-19 | 2020-21 | അനുബന്ധം 2-113 | എം.ഒ.പി.എച്ച്.സി പെരുവയൽ | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 14215047 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 104218742 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 288610 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-10 | | 280610 രൂപ 18 പേരിൽ നിന്നു തുല്യമായി ഈടാക്കേണ്ടതാണ്. | സുരേഷ് ബാബു, മുൻ സെക്രട്ടറി |
| | | | 1ാം വാർഡ് മെമ്പർ |
| | | | 2ാം വാർഡ് മെമ്പർ |
| | | | 3ാം വാർഡ് മെമ്പർ |

| | | | |
|---|---|---|---|
| | | | 4ാം വാർഡ് മെമ്പർ |
| | | | 5ാം വാർഡ് മെമ്പർ |
| | | | 7ാം വാർഡ് മെമ്പർ |
| | | | 8ാം വാർഡ് മെമ്പർ |
| | | | 9ാം വാർഡ് മെമ്പർ |
| | | | 10ാം വാർഡ് മെമ്പർ |
| | | | 11ാം വാർഡ് മെമ്പർ |
| | | | 12ാം വാർഡ് മെമ്പർ |
| | | | 13ാം വാർഡ് മെമ്പർ |
| | | | 14ാം വാർഡ് മെമ്പർ |
| | | | 15ാം വാർഡ് മെമ്പർ |
| | | | 16ാം വാർഡ് മെമ്പർ |
| | | | 17ാം വാർഡ് മെമ്പർ |
| | | | 18ാം വാർഡ് മെമ്പർ |
| 3-2 | - | 8000 | സുരേഷ് ബാബു, സെക്രട്ടറി , |
| 3-3 | | 11681 | അജിത്ത് ജേക്കബ് .എ, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുരേഷ് ബാബു , സെക്രട്ടറി | സെക്രട്ടറി | പാറക്കോട്ട്,പൂവാട്ട് പറമ്പ്, കോഴിക്കോട് , 673008 |
| അജിത്ത് ജേക്കബ്.എ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ | |
| അബ്ദുള്ള കുമാരനെല്ലൂർ | 1ാം വാർഡ് മെമ്പർ | പുൽപറമ്പിൽ കുമാരനെല്ലൂർ 673602 |
| ദിവ്യ.കെ | 2ാം വാർഡ് മെമ്പർ | കാട്ടുപൊയിലിൽ കുമാരനെല്ലൂർ 673602 |

| | | |
|---|---|---|
| ജംനാസ് | 3ാം വാർഡ് മെമ്പർ | തണൽ മൻസിൽ<br>കുമാരനെല്ലൂർ 673602 |
| റുബീന.കെ | 4ാം വാർഡ് മെമ്പർ | കണ്ണാട്ടിൽ, അള്ളി<br>673602 |
| സജി തോമസ് | 5ാം വാർഡ് മെമ്പർ | പൂവ്വക്കുളത്ത്<br>കൂമ്പാറ 673604 |
| സുനില.കെ | 7ാം വാർഡ് മെമ്പർ | കണ്ണങ്കര, അള്ളി-673602 |
| ജമീല.വി.പി | 8ാം വാർഡ് മെമ്പർ | വടക്കേ പീടിയേക്കൽ<br>അള്ളി-673602 |
| സുബൈദ.വി.പി | 9ാം വാർഡ് മെമ്പർ | മാളിയേക്കൽ<br>കുമാരനെല്ലൂർ<br>673602 |
| ഐഷാലത | 10ാം വാർഡ് മെമ്പർ | കുളിരാങ്ങൽ<br>മൈസൂർ മല 673602 |
| ശിഹാബുദ്ദീൻ | 11ാം വാർഡ് മെമ്പർ | ചെറുവലത്ത്<br>മൈസൂർ മല -673602 |
| സവാദ് ഇബ്രാഹിം | 12ാം വാർഡ് മെമ്പർ | കണ്ണാട്ട് കുഴിയിൽ<br>നെല്ലിക്കാംപറമ്പ്.<br>673602 |
| എം.ടി.അഷ്റഫ് | 13ാം വാർഡ് മെമ്പർ | മുക്കോൻ തൊടിക<br>നെല്ലിക്കാംപറമ്പ്.<br>673602 |
| ജി.അബ്ദുൾ അക്ബർ | 14ാം വാർഡ് മെമ്പർ | ഗോശാലക്കൽ<br>നെല്ലിക്കാംപറമ്പ്.<br>673602 |
| വി.കെ.വിനോദ് | 15ാം വാർഡ് മെമ്പർ | സുനിൽ നിവാസ്<br>കാരശ്ശേരി 673602 |
| സുഹറ.കെ | 16ാം വാർഡ് മെമ്പർ | കിഴക്കയിൽ,കാരശ്ശേരി<br>നെല്ലിക്കാംപറമ്പ്.<br>673602 |
| എൻ.കെ.അൻവർ | 17ാം വാർഡ് മെമ്പർ | നെട്ടുകുന്നത്ത്<br>കാരശ്ശേരി 673602 |
| രമ്യ.കെ | 18ാം വാർഡ് മെമ്പർ | കുവ്വപ്പാറമ്മൽ<br>കുമാരനെല്ലൂർ -673602 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്ന് അവസാനം പുറപ്പെടുവിച്ച കത്തിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.എ.കെ.കെ.ഡി. പി3/1482/13(1) | 2 | 35,35 |
| 1999-00 | എൽ.എഫ്.എ.കെ.കെ.ഡി. പി3/194/10 തി 18.03.2010 | 1 | 40 |
| 2000-01 | എൽ.എഫ്.എ.കെ.കെ.ഡി.പി3/1482/13(2) | 1 | 32,45 |
| 2001-02 | എൽ.എഫ്.എ.കെ.കെ.ഡി. പി3/1482/13(3) | 3 | 3-3, 3-4, 3-5 |
| 2002-03 | എൽ.എഫ്.എ.കെ.കെ.ഡി. പി3/1482/13(4) | 1 | 3-21 |
| 2003-04 | എൽ.എഫ്.എ.കെ.കെ.ഡി. പി3/1482/13(5) | 1 | 3-6 |

| | | | |
|---|---|---|---|
| 2008-09 | എൽ.എഫ്.എ.കെ.കെ.ഡി. പി3/987/13 തി 25.4.13 | 16 | 1-1, 1-3, 2-1(1)മുതൽ 13 വരെ, 2-2, 2-3(1,2), 2-4,3-5, 3-6, 3-7, 3-8, 3-9,3-10,4-2, 4-3, 4-6(ഇ), 4-7 |
| 2009-10 | എൽ.എഫ്.എ.കെ.കെ.ഡി. പി3/1552/14(2) | 28 | 1-1,1-3,1-4,2-1,2-3,2-7, 2-8, 2-11, 2-12, 2-14, 3-1, 3-3,3-5,3-6,3-7,3-8, 3-9.3-10,3-14,3-15,3-16,3-17, 3-19,3-20,3-22,3-23,4-2,4-3 |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി പി1/1041/2020(1) 23.11.2020 | 8 | 2-3,3-3,3-4, 3-6, 3-7, 3-9, 3-10,3-11 |
| 2011-12<br>2012-13 | കെ.എസ്.എ.കെ.കെ.ഡി പി1/1041/2020(2)<br>തി 23.11.20 | 23 | 2-3,3-2,3-3(1),3-3(2),3-4, 3-5,3-6(3),(4),(5),(8),3-8, 3-10(6),3-11,3-18,3-20, 3-22,3-23,3-24,3-25,3-26, 3-27,3-28,3-29,3-30,3-31, 3-32,3-34 |
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി പി1/1041/2020(3)<br>തി 23.11.20 | 11 | 2-1(1),3-2,3-3,3-4,3-12, 3-13,3-14,3-17,3-18, 3-19,3-20 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി പി3/ 2179/2016 തി 06.06.2017 | 16 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3,3-4, 3-5, 3-6, 3-7, 3-8,3-9, 3-10,3-11 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി പി3/ 1693/2017 തി 31.10.2017 | 27 | 2-1,2-2,2-3,2-4,2-5, 2-6,2-7,3-2,3-3, 3-4,3-5,3-6,3-9,3-10, 3-11,3-12,3-13,3-14, 3-15,3-17,3-23,3-24,3-25, 3-27,3-28, 3-29,4-9 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി പി3/330/2019 തി 21.3.2018 | 37 | 1-10,2-1(1)(2), 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2,3-3, 3-4, 3-5, 3-6, 3-7, 3-8എ), ബി, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15,3-16, 3-17,3-18,3-19,3-20, 3-21,3-22,3-23,3-24, 3-25,3-27,3-28,3-29 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി പി1/1144/2020 തി 15.04.21 | 15 | 1-8(1),1-9,1-10,1-11, 1-12,1-13,1-18,11-19, 1-20,1-21,1-22,1-23, 1-25,1-26,1-27 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി | 17 | 1- 1 ,1-2(5)(6),1-(7)B, |

| | | | |
|---|---|---|---|
| | പി1/155/2022തി 16.04.2022 | | 1-9,1-10,1-11(2)(3), 1-12, 1-13, 1-14,1-19,3-1,3-2, 3-3, 4-10, 4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി പി1/156/2022 തി 05.05.2022 | 27 | 1-1,1-2(2),(4)(5)(6)(7), 1-4(1), 1-8, 1-9,1-10,1-11, 1-13,1-15,1-16,1-17 ,1-18-19, 1-20,1-21,1-22,1-23,1-24, 3-1,3-2,3-2,4-10,4-11 |

ഡെപ്യൂട്ടിഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്